MARCH 2025
Volume 57
Issue 6

**10** വീട്ടിൽ ആരംഭിക്കാൻ 4 പൂജാ സംരംഭങ്ങൾ

**42** ഫുഡ് സേഫ്റ്റിയും സംരംഭകരും

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം
## VYAVASAYA KERALAM

No 1 EASE OF DOING BUSINESS

370ലധികം താൽപര്യപത്രങ്ങളിലൂടെ
കേരളത്തിലെത്തിയത്
# 1,52,905
കോടി രൂപയുടെ
# നിക്ഷേപം

INVEST KERALA GLOBAL SUMMIT
FEB 21-22, 2025 | KOCHI











ROLLING SHUTTER PARTS, STAINLESS STEEL PIPES
REMOTE SHUTTER, REMOTE GATE,
STAINLESS STEEL HOTEL EQUIPMENTS
DOORS AND WINDOW PARTS, DOORS AND WINDOWS

## WHOLESALE & RETAIL DEALERS IN

STAINLESS STEEL PIPES, MS & GI PIPE, ANGLE IRON

9447 356518

പതിറ്റാണ്ടുകളുടെ
**പാരമ്പര്യം**
നൂതന സാങ്കേതിക വിദ്യകളുടെ
**പിൻബലം**

**KOTTAYAM INDUSTRIES**
Kattakkayam Road, Pala, Kerala
Ph: 04822 214118

**KOTTAYAM AGENCIES**
Edamattam Road, Pala, Kerala
Ph: 04822 214518
Dealers in:
Stainless Steel Pipes, Shutter parts

**RAJ ROLLING SHUTTERS**
Edamattom Road, Pala, Kerala
Ph: 04822 215318
Res: 04822 214918
Expert in: Stainless Steel Hand Rails, Rolling Shutters, Truss Work, Housing, Sawmill, Cast Iron Gate & Grill Works etc....

ജന്നലിന്റെയും കട്ടിളയുടെയും റോളിംഗ് ഷട്ടറിന്റെയും പാർട്സുകൾ വിൽക്കപ്പെടും

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

മാർച്ച് 2025
MARCH 2025

പുസ്തകം 57
Volume 57

ലക്കം 6
Issue 6

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI



**06**
**പ്രതിസന്ധികൾക്കെതിരെ പൊരുതി സംരംഭകത്വ പാതയിൽ വിജയക്കൊടി പാറിച്ച്**
ARROW PVC PIPES

**10**
**വീട്ടിൽ ആരംഭിക്കാൻ 4 പൂജാ സംരംഭങ്ങൾ**
ഡോ. ബൈജു നെടുങ്കേരി

**14**
**'കരുണ ചിപ്സ്' ഗുണമേന്മയിലൂടെ വിജയത്തിലേക്ക്**
ഇന്ദു കെ പി

**16**
**1,52,905 കോടിയുടെ നിക്ഷേപ താൽപര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025**

**32**
**ജില്ലാ പംക്തി– ഇടുക്കി**
**സ്പീസിയ: ഒരു വിജയ ഗാഥ**
**പ്രകൃതി സൗഹൃദ കാർഷികതയുടെ കുതിപ്പ്**

**42**
**ഫുഡ് സേഫ്റ്റിയും സംരംഭകരും**
റിഷിക നാരായൺ

**45**
**വനിതാ സംരംഭകത്വം പ്രാധാന്യവും പ്രതിസന്ധികളും**
ഡോ. ശചീന്ദ്രൻ വി.



# മുഖക്കുറിപ്പ്

**ശ്രീ. മിർ മുഹമ്മദ് അലി** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

# 2025 സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനവും, പുനരുദ്ധാരണവും

**കേരളത്തിലെ** തനത് വ്യവസായ മേഖലയിലെന്നപോലെ പരമ്പരാഗത വ്യവസായ മേഖലയുടെ നില നിൽപ്പിനും, വികസനത്തിനുമായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ അത്യന്തം ശ്ലാഘനീയമാണ്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ് /അക്കാദമിക് രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന സമിതി സർക്കാർ രൂപീകരിച്ചിരുന്നു.

പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23 ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും, മികച്ച ഉൽപ്പാദനക്ഷമതയ്ക്കും, പ്രോത്സാഹനത്തിനും, തൊഴിൽ പുന:സ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്യുന്നു. 5 കോടി രൂപ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. 5 കോടി രൂപ പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ് വിഭാഗത്തിന്റെ നവീകരണത്തിനുമായാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ആദ്യമായി 2024- 25 സാമ്പത്തിക വർഷം 200 ലക്ഷം രൂപ അനുവദിച്ചിരുന്നത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലകൾക്കായി വിതരണം ചെയ്യുകയുമുണ്ടായി.

ചെറുകിട ഇടത്തരം കാഷ്യു ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്ഥി മൂലധനത്തിന്മേലും, Technology upgradation നും തുക അനുവദിക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനമുള്ളതും തുടർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. മൂലധന ഗ്രാൻറായി പരമാവധി 40ലക്ഷം രൂപ ഒറ്റത്തവണ അനുവദിക്കുന്നതും ടി ആനുകൂല്യം ജനറൽ കാറ്റഗറിക്ക് നിക്ഷേപത്തിന്റെ 40% വും SC/ST/Women/Youth/Differently abled എന്നിവർക്ക് 50% വും ലഭിക്കും.

പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയുടെ 50% പരമാവധി 10 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 200 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ വിതരണാനുമതി ലഭിച്ചതിൽ 20 ലക്ഷം രൂപ വീതം തിരുവനന്തപുരം, കൊല്ലം കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ജില്ലകളിൽ ഇനിയും ആവശ്യമുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ രൂപത്തിൽ പരമ്പരാഗത വ്യവസായ മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഈ മേഖലയെ സംരക്ഷിക്കുന്നതിന് ഉൽപ്പാദന രീതികളിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്നാണ് കാണുന്നത്. തൊഴിൽ സംരക്ഷിച്ചുകൊണ്ടു തന്നെ ശരിയായ യന്ത്രവൽക്കരണം നടപ്പിലാക്കേണ്ടതുണ്ട്. പൊതുവിൽ കശുവണ്ടി മേഖലയുടെ ശാക്തീകരണം ഉയർന്ന ഉത്തരവാദിത്തമായി സർക്കാർ

ഒപ്പ്
**ചീഫ് എഡിറ്റർ**


**ചീഫ് എഡിറ്റർ**
**ശ്രീ. മിർ മുഹമ്മദ് അലി** ഐ.എ.എസ്
ഡയറക്ടർ
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 6238302158
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
മോഹൻകുമാർ എം.എസ്.,
സാജൻ പി.സി.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
മഞ്ജുഷ ആർ.,
ഡോണാമോൾ ഈനാസ്,
അഭിലാഷ് കെ.,
ബേബി. വൈ.,
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.



## നവകേരളം

**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

# ഉയരെ കേരളം...

**കേരളത്തിന്റെ** വ്യവസായ മേഖലയ്ക്ക് വലിയ ഊർജ്ജം പകരുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാന്റ് ഹയാത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. ബഹു.കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വിദേശരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, കേന്ദ്രമന്തിമാർ, കേരളത്തിലെ വ്യവസായ പ്രമുഖർ ഉൾപ്പടെ വിശിഷ്ട വ്യക്തിത്വങ്ങൾ പങ്കെടുത്തു. ഇത് ഒരു വലിയ തുടക്കമാണ്. 1,52,905 കോടി രൂപയുടെ നിക്ഷേപതാൽപര്യമാണ് രണ്ട് ദിവസം കൊണ്ട് ഈ ഉച്ചകോടിയിലൂടെ കണ്ടെത്താനായത്. ഇനി ഈ നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള പരിശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുക. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭ്യമായ എല്ലാ താൽപര്യപത്രങ്ങളെയും താമസംവിനാ വിലയിരുത്തി, ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ തരം തിരിക്കും.

വ്യവസായവുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രോജക്റ്റുകളിൽ 50 കോടിക്ക് താഴെയുള്ള സംരംഭങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ ടീമിനെ രൂപീകരിച്ച് സൂക്ഷ്മ പരിശോധന നടത്തും. 50 കോടിക്ക് മുകളിലുള്ളവയുടെ നോഡൽ ഓഫീസറായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കും. ഇവയെ ഏഴ് മേഖലകളാക്കി തിരിച്ച് വിഗദ്ധരുടെ അഭിപ്രായ സമന്വയത്തോടുകൂടി ഏകോപിപ്പിച്ച് യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമം ഞങ്ങൾ നടത്തും. പ്രോജക്റ്റുമായി ബന്ധപ്പെട്ട അനുമതികൾ വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ സെക്രട്ടറി തല കമ്മിറ്റി രൂപീകരിച്ച് ധ്രുതഗതിയിൽ നടപ്പിലാക്കും. നിയമപരമായി നടത്താൻ സാധിക്കുന്ന എല്ലാ താൽപര്യപത്രങ്ങളും എത്രയും പെട്ടെന്ന് തന്നെ പ്രായോഗികമാക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്. പ്രായോഗികമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും, മന്ത്രി തലത്തിലും വിലയിരുത്തി പരിഹരിക്കും.

കേരളം വലിയ മുന്നേറ്റത്തിന്റെ പാതയിലാണ്. ഇനിയും വേഗത്തിൽ സുതാര്യമായിത്തന്നെ കുതിക്കാൻ കേരളത്തിനെ ഞങ്ങൾ പ്രാപ്തമാക്കും. ജനങ്ങൾക്ക് കൂടി വിവരങ്ങൾ ലഭ്യമാക്കി സുതാര്യമായിത്തന്നെ നമ്മുടെ വികസനം തുടരും. വരും തലമുറയ്ക്ക് ഈ നാട്ടിൽ തന്നെ മികച്ച ജോലി ലഭ്യമാക്കുമെന്ന ഉറപ്പ് കൂടി പാലിക്കുന്നതിനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ദ്വിദിന ഉച്ചകോടിയിൽ ആഗോള വ്യവസായ പ്രമുഖർ, ആസൂത്രകർ, നയരൂപകർത്താക്കൾ, സംരംഭകർ, നിക്ഷപകർ തുടങ്ങിയവർ ഉൾപ്പടെ 3000 പ്രതിനിധികൾ പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള അംബാസിഡർമാർ ഉൾപ്പടെ 26 രാജ്യങ്ങളുടെ പങ്കാളിത്തമുണ്ടായിരുന്നു. നിക്ഷേപ സമൂഹത്തിന് ആത്മവിശ്വാസം നൽകാനും, സംസ്ഥാനത്ത് കൂടുതൽ നിക്ഷേപവും, തൊഴിലവസരവും സാധ്യമാക്കുകയുമാണ് ഇൻവെസ്റ്റ് കേരള ഉച്ചകോടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായി നിന്ന് ഈ മുന്നേറ്റം തുടരാനും കേരളത്തെ ഇന്ത്യയുടെ ഹൈടെക് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റാനും പരിശ്രമിക്കാം. ■



# പ്രതിസന്ധികൾക്കെതിരെ പൊരുതി സംരംഭകത്വ പാതയിൽ വിജയക്കൊടി പാറിച്ച്

# ARROW PVC PIPES



**ബിരുദവും** ബിരുദാനന്തര പഠനവും പൂർത്തിയാക്കി തൊഴിൽ തേടി വിദേശത്ത് പോയി കഴിഞ്ഞ് 2 വർഷത്തെ പ്രവാസി ജീവിതം മതിയാക്കി പാരലൽ കോളേജ് അദ്ധ്യാപകൻ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇൻസ്ട്രക്റ്റർ, കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അധ്യാപകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ ജോലി ചെയ്തിട്ടും മികച്ച വരുമാനം ലഭിക്കാതെ വന്നതോടെയാണ് അനിൽ മാർക്കറ്റിംഗ് മേഖലയിലേക്ക് കടക്കുന്നത്. മാർക്കറ്റിംഗ് മേഖലയിൽ നിന്നും ലഭിച്ച വരുമാനവും സ്വന്തമായി എന്തെങ്കിലും തൊഴിൽ ചെയ്യണമെന്നുള്ള ആഗ്രഹവുമാണ് ഒരു ബന്ധുവിൽ നിന്നു പിവിസി പൈപ്പ് നിർമാണത്തിന്റെ അറിവ് സ്വായത്തമാക്കുന്നതിന് പ്രേരകമായത്. 2007 ൽ ARROW PVC PIPE എന്ന ബ്രാൻഡിൽ പിവിസി പൈപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ച ജില്ലയിലെ എല്ലാ വ്യവസായ എസ്റ്റേറ്റിലും പാർക്കുകളിലും അന്വേഷിച്ചിട്ടും സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പോത്തൻകോട്



അരിയോട്ടുകോണം എന്ന സ്ഥലത്തു താമസിക്കുന്ന സ്വന്തം വീടിനോട് ചേർന്ന 20 സെന്റിൽ വ്യവസായ യൂണിറ്റ് തുടങ്ങാൻ തീരുമാനിച്ചത്. ബാങ്കുകളിൽ നിന്നും ലോൺ ലഭിക്കാത്തതിനെ തുടർന്ന് കേരള ഫിനാൻഷ്യൽ കോർപറേഷനെ സമീപിക്കുകയും 44 ലക്ഷം രൂപ ലോൺ തരപ്പെടുത്തുകയും ചെയ്തു.

എന്നാൽ യൂണിറ്റ് തുടങ്ങുന്നതിനു മുൻപ് തന്നെ 100 ലധികം വരുന്ന നാട്ടുകാർ ഗ്രീൻ കാറ്റഗറി യൂണിറ്റ് ആയിട്ടുകൂടി പൊല്യൂഷൻ ഉണ്ടാകുമെന്നു തെറ്റിദ്ധരിച്ചു സമരം ആരംഭിച്ചു. അവർ ജന പ്രതിനിധികളുടെ സഹായത്തോടെ നിരന്തരമായി സമരങ്ങൾ സംഘടിപ്പിക്കുകയും യാതൊരു കാരണവശാലും യൂണിറ്റ് തുടങ്ങാൻ സമ്മതിക്കില്ലെന്ന നിലപാടിലേക്ക് എത്തുകയും ചെയ്തു. എന്നാൽ യൂണിറ്റ് തുടങ്ങിയില്ലെങ്കിൽ ലോൺ അടക്കാൻ കഴിയാതെ വരികയും എല്ലാം നഷ്ടപ്പെടുകയും ചെയ്യുമെന്ന അവസ്ഥയിൽ അനിൽ എത്തിച്ചേർന്നു. എല്ലാ വകുപ്പുകളിലേയ്ക്കും നാട്ടുകാരുടെ പരാതികളുടെ ഒഴുക്കായിരുന്നു പിന്നീടുണ്ടായത്. പരാതികളിൽ കഴമ്പില്ലെന്നു തെളിയിക്കാനുള്ള നെട്ടോട്ടമായിരുന്നു പിന്നീട്. മെഷീനറിയുമായി വന്ന വാഹനം ഉൾപ്പെടെ തടഞ്ഞുവെച്ച് നാട്ടുകാർ സമരത്തിന്റെ വീര്യം കൂട്ടി. 100 ലധികം നാട്ടുകാരെ ഒറ്റയ്ക്ക് നേരിടേണ്ടിവന്ന അവസ്ഥയും മാനസിക സംഘർഷവും താങ്ങാനാവാത്തതായിരുന്നു. ഇലക്ട്രിക് ലൈൻ വലിക്കാൻ വന്നവരെ തടഞ്ഞു വച്ചതുൾപ്പെടെ നാട്ടുകാരുടെ സമരം ശക്തമായിരുന്നു. യൂണിറ്റിലേക്കു മെഷീനറി കൊണ്ടുവരുന്നത് തടയാൻ റോഡ് അടച്ചുവരെ സമരത്തിന്റെ രീതി മാറ്റി. ഒന്നര വർഷത്തോളം നാട്ടുകാരുടെ സമരം ശക്തമായി നീണ്ടുപോവുകയും നിരന്തരമായി വ്യാജ പരാതികൾ കൊടുത്തുകൊണ്ടിരിക്കുകയും ദൈന ദിനം പല വകുപ്പുകളിൽ നിന്നും അന്വേഷണവും തുടർന്നുവന്നുകൊണ്ടിരുന്നു. പിന്നീട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജി നൽകി അനുകൂലമായ വിധി ലഭിച്ചതിനുശേഷമാണ് 2008 സെപ്റ്റംബറിൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തനം ആരംഭിച്ചതിനു ശേഷവും നാട്ടുകാർ ചെറിയ സമര മുറകൾ പ്രയോഗിച്ചു നോക്കിയെങ്കിലും എന്തുവന്നാലും യൂണിറ്റ് തുടർന്ന് പ്രവർത്തിക്കുമെന്ന് നാട്ടുകാർക്ക് ബോധ്യമായതോടെ ക്രമേണ അവർ സമരത്തിൽ നിന്നും പിൻവാങ്ങി. 4 തൊഴിലാളി കളുമായിട്ടാണ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നത്. മൂന്നോ നാലോ മണിക്കൂറുകൾ മാത്രം ഉറങ്ങിക്കൊണ്ട് അനിലും ഭാര്യ ദിജി അനിലും രാത്രിയും പകലും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് യൂണിറ്റിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയത്. സമരം കാരണം പ്രവർത്തനം തുടങ്ങാൻ ഒന്നര വർഷം



കാലതാമസം വന്നതുകൊണ്ട് പ്രവർത്തന മൂലധനത്തിനുവേണ്ടി കരുതിയിരുന്ന പൈസ KFC യിൽ നിന്നെടുത്ത TERM ലോണിന്റെ പലിശയായി അടക്കേണ്ടിവന്നു. പിന്നീട് 2 ലക്ഷം രൂപ മാത്രം പ്രവർത്തന മൂലധനം ഉണ്ടായിരുന്നതുകൊണ്ട് വളരെ സൂക്ഷ്മതയോടെ പണം കൈകാര്യം ചെയ്യുകയും കിട്ടുന്ന ഓരോ രൂപയും ബാങ്കിലൂടെ മാത്രം ഇടപാട് നടത്തുകയും കിട്ടുന്ന ലാഭം കൃത്യമായി പ്രവർത്തന മൂലധനത്തിൽ വീണ്ടും മുടക്കിയും പ്രവർത്തന മൂലധനം വർധിപ്പിച്ചുകൊണ്ടിരുന്നു. ബാങ്കിലൂടെ ഇടപാടുകൾ കൂടുതലായപ്പോൾ ഒരു വർഷത്തിനുശേഷം ബാങ്കിൽ നിന്നും കൂടുതൽ പ്രവർത്തന മൂലധനം തരികയും തൊഴിലാളികളുടെ എണ്ണം 9 ആയി പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തു. 3 വർഷത്തിന് ശേഷം യൂണിറ്റിനെ ലാഭത്തിലാക്കുവാനും കഴിഞ്ഞു.

6 വർഷത്തിനുശേഷം 2012 ൽ യൂണിറ്റ് വിപുലീകരിക്കാൻ നിലവിലുള്ള സ്ഥലം തികയാത്തതിനാൽ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിൽ ഷെഡ്ഡുകൾ മാസവാടകക്ക് എടുത്ത് യൂണിറ്റ് വിപുലീകരിച്ചു. കേരള ഫിനാൻഷ്യൽ കോർപറേഷൻ 1 കോടി രൂപ വായ്പ തരികയും 25 ലധികം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുകയും ചെയ്തു. എന്നാൽ അവിടെയും നന്നായി യൂണിറ്റു നടത്താൻ കഴിയാത്ത നില വന്നു. തുടർന്ന് 2023 ൽ പോത്തൻകോട് പഞ്ചായത്തിലെ ശ്രീനാരായണപുരം എന്ന സ്ഥലത്തു സ്വന്തം വസ്തുവിൽ 3 കോടിയിലധികം രൂപ വായ്പയെടുത്തതുൾപ്പെടെ 6 കോടി രൂപ മുതൽമുടക്കിൽ യൂണിറ്റ് വിപുലീകരിച്ചു പ്രവർത്തനം തുടങ്ങുകയും, വിജയകരമായി നടത്തിവരികയും ചെയ്യുന്നു.



20mm മുതൽ 110 mm വരെയുള്ള പൈപ്പുകളിൽ നിന്നും 200 mm വരെയുള്ള പൈപ്പുകളുടെ ഉത്പാദനത്തിലേക്കു കമ്പനി കടക്കുകയും കൂടാതെ പിവിസി ഹോസ്, ബെൻഡ്, സോൽവെൻറ് സിമന്റ് എന്നിവയുടെ ഉത്പാദനവും വിതരണവും കൂടി ആരംഭിച്ചു. ഇപ്പോൾ 35 ഓളം വരുന്ന തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. തൊഴിലാളികൾക്ക് ESI, PF തുടങ്ങിയ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. അനിലും ഭാര്യയും ചേർന്ന് പാർട്ണർഷിപ് ആയി നടത്തിവരുന്ന കമ്പനിയിൽ മുതലാളി - തൊഴിലാളി വ്യത്യാസം ഇല്ലാതെ ഒരു കുടുംബം പോലെയാണ് തുടക്കം മുതൽ നാളിതുവരെയും പ്രവർത്തനം നടക്കുന്നത്. സ്വന്തം സ്ഥാപനം പോലെ തൊഴിലാളികളും സംതൃപ്തിയോടെ ജോലിചെയ്യുന്നു. ഇന്നു കേരളത്തിലെ അറിയപ്പെടുന്ന brand ആയി ARROW PVC PIPES നെ മാറ്റിയെടുക്കുന്നതിൽ അനിലിന്റെയും ഭാര്യ ദിജി അനിലിന്റെയും കഷ്ടപ്പാടിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കഥകളുണ്ട്.

കമ്പനിക്ക് ISI, ISO, ZED സർട്ടിഫിക്കേഷൻസ് നിലവിലുണ്ട്. 2018, 2019 വർഷങ്ങളിൽ കേരള ഫിനാൻഷ്യൽ കോർപറേഷൻ ഏർപ്പെടുത്തിയ BEST CLIENT നുള്ള GOLD CARD അവാർഡുകളും, 2019 ൽ COSIDIC ഏർപ്പെടുത്തിയ OUTSTANDING ENTREPRENEUR ക്കുള്ള നാഷണൽ അവാർഡും ARROW PIPES കമ്പനിക്ക് ലഭിച്ചു. കൂടാതെ 2023 ൽ KFC ഏർപ്പെടുത്തിയ MSME അവാർഡും ലഭിച്ചിട്ടുണ്ട്. Bio medical engineering ൽ M Tech വിദ്യാർഥിനിയായ ദിയ, ബിസിനസ് മാനേജ്മെന്റിൽ ഡിഗ്രി വിദ്യാർഥിനിയായ സയ എന്നിവർ മക്കളാണ്.

മുൻകാലങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായി വ്യവസായി സൗഹൃദമായ സമീപനമാണ് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇപ്പോഴുള്ളത്. എന്നാലും പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരുടെ സമീപനത്തിൽ ഇനിയും മാറ്റങ്ങൾ അനിവാര്യമാണ്. സർക്കാർ കൊണ്ടുവരുന്ന നയങ്ങൾ യഥാസമയം പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർക്ക് അറിവ് ലഭിക്കാത്തത് ഒരു പരിമിതിയായി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നിലവിൽ വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതും ഇപ്പോഴത്തെ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. രാജീവ് കേരളത്തിൽ വ്യവസായം വളരുന്നതിനുള്ള ഉദാര സമീപനമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതും കേരളത്തിലെ വ്യവസായികൾക്ക് വളരെ ആശ്വാസകരമാണ്. വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ ദീർഘവീക്ഷണവും, ശ്രദ്ധാപൂർവം വ്യവസായിയെ കേൾക്കുകയെന്നുള്ള അദ്ദേഹത്തിന്റെ സമീപനവും, ആവശ്യമായ നടപടികൾ സമയബന്ധിതമായി എടുക്കുന്നതും, വകുപ്പിലെ കുറച്ചു പ്രവർത്തന മികവുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനവുമാണ് കേരളത്തെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ ഒന്നാം സ്ഥാനത്ത് എത്തിച്ചത്. അതിനു വകുപ്പ് മന്ത്രി എന്ന നിലയിൽ അദ്ദേഹം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. എന്തുകൊണ്ടും പുതിയതായി വ്യവസായത്തിലേക്കു ഇപ്പോൾ വരുന്നവർക്ക് കേരളത്തിൽ ധാരാളം അനുകൂല ഘടകങ്ങളുണ്ട് എന്നത് അഭിമാനകരമാണ്.





ഡോ. ബൈജു നെടുങ്കേരി

# വീട്ടിൽ ആരംഭിക്കാൻ 4 പൂജാ സംരംഭങ്ങൾ



**കേരളം** സംരംഭക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഇന്ന് ഒന്നാം സ്ഥാനത്താണ് . ചെറുകിട സംരംഭങ്ങളിലൂടെ വരുമാനവും തൊഴിലും ഉറപ്പാക്കുന്ന തരത്തിൽ വീടുകളിൽ സംരംഭങ്ങൾ ആരംഭിക്കാൻ കേരളത്തിൽ ഇന്ന് അനുമതിയുണ്ട്. പുറത്ത് ജോലിക്ക് പോകാൻ കഴിയാതെ ഗാർഹിക ഉത്തരവാദിത്വങ്ങൾ നിറവേറുന്ന വീട്ടമ്മമാർക്കും ഒഴിവ് സമയം പ്രയോജനപ്പെടുത്തി ഒരു സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ നാനോ ഗാർഹിക സംരംഭങ്ങൾ വീടുകളിൽ ആരംഭിക്കാൻ കഴിയും. വലിയ മുതൽമുടക്കുകളില്ലാതെ വീട്ടിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നാട്ടിലെ വിപണിയെ ലക്ഷ്യം വെച്ച് ഉല്പന്നങ്ങൾ നിർമ്മിച്ച് അധിക വരുമാനം നേടാനാകും.

## നാനോ ഗാർഹിക സംരംഭം

5 ലക്ഷം രൂപയിൽ താഴെ മുതൽ മുടക്കിൽ 5 HP യിൽ താഴെ പവർ ലോഡുള്ള മലീനീകരണമില്ലാത്ത വ്യവസായങ്ങളാണ് വീടുകളിൽ ആരംഭിക്കാൻ കഴിയുന്നത്. ടി സംരംഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി വീട്ടിൽ നിലവിലുള വൈദ്യുതി കണക്ഷനിൽ നിന്ന് തന്നെ ഉപയോഗപ്പെടുത്താം. ഇത്തരം സംരംഭങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമില്ല.

## 1. കർപ്പൂര നിർമ്മാണം

കേരളത്തിൽ വലിയ വിപണിയുള്ള ഉൽപ്പന്നമാണ് കർപ്പൂരം. ഹൈന്ദവ ആചാരങ്ങളുടെ ഭാഗമായി ക്ഷേത്രങ്ങളിലും വീടുകളിലും കർപ്പൂര ദീപം തെളിയിക്കുന്ന പതിവുണ്ട്. ടി ആവശ്യത്തിനുള്ള കർപ്പൂരത്തിന്റെ മുഖ്യ പങ്കും തമിഴ്നാട്ടിൽ നിന്നാണ് കേരളത്തിലേക്ക് എത്തുന്നത്. ചെറിയ യന്ത്രം വീട്ടിൽ സ്ഥാപിച്ച് കർപ്പൂര നിർമ്മാണത്തിന് തുടക്കം കുറിക്കാം.



## അസംസ്കൃത  വസ്തു

കർപ്പൂരം പൗഡർ  റെഡിമിക്സ് രൂപത്തിൽ 30 kg ബാഗുകളായാണ് ലഭിക്കുന്നത്. ഏറ്റവും അടുത്ത് മധുരയിലാണ് നമുക്ക് ഈ പൗഡർ ലഭിക്കുക.

## നിർമ്മാണ രീതി

കർപ്പൂരം പൗഡർ  കർപ്പൂര നിർമ്മാണ യന്ത്രത്തിൽ നിറയ്ക്കും. കർപ്പൂര യന്ത്രത്തിൽ സ്ഥാപിച്ചിട്ടുള്ള അച്ചിന്റെ രൂപം അനുസരിച്ച് ബട്ടൺ രൂപത്തിലും കാപ്സ്യൂൾ രൂപത്തിലും കർപ്പൂരം നിർമ്മിച്ചെടുക്കാം. 0.5 HP മോട്ടോറിൽ പ്രവർത്തിക്കുന്ന യന്ത്രം മണിക്കൂറിൽ 6 കിലോഗ്രാം കർപ്പൂരബട്ടണുകൾ ഓട്ടോമാറ്റിക്കായി നിർമ്മിക്കും. ടി ബട്ടണുകളുടെ തൂക്കവും കനവും അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കും .തുടർന്ന് 12 ബട്ടൺ വീതം എൽ ഡി കവറുകളിൽ നിറച്ച് വിപണിയിലെത്തിക്കാം. പ്രിൻറ് ചെയ്ത കവറുകളും ലേബൽ ചെയ്ത കവറുകളും ഇതിനായി ഉപയോഗിക്കാം.

## വിതരണം

ക്ഷേത്രങ്ങളിലും മൊത്തവ്യാപാര കടകളിലും പൂജാ സ്റ്റോറുകളിലും നേരിട്ട് എത്തിച്ച് കൊടുക്കാം. വിതരണക്കാരെ നിയമിച്ചും വില്പന വർദ്ധിപ്പിക്കാം.

## വരവ് ചിലവ് കണക്ക്

ഒരു കിലോ കർപ്പൂരം നിർമ്മിച്ച് പായ്ക്ക് ചെയ്യുന്നതിന്റെ ചിലവ്

| | | |
|---|---|---|
| 1. പൗഡർ | - | 600.00 |
| 2. പായ്ക്കിംഗ്  ചാർജ് | - | 150.00 |
| 3. വേതനം | - | 100.00 |
| 4. മാർക്കറ്റിങ്ങ് | - | 30.00 |
| ആകെ | - | 880 |

## വരവ്

| | | |
|---|---|---|
| ഒരു കിലോ കർപ്പൂരം MRP | - | 1600.00 |
| ഉല്‌ പാദകന്  ലഭിക്കുന്നത് | - | 1300.00 |
| ലാഭം - 1300 - 880 | = | 420 |

## മൂലധന നിക്ഷേപം

| | | |
|---|---|---|
| 1 കർപ്പൂര നിർമ്മാണ യന്ത്രം | - | 97,000.00 |
| പൗഡർ 60 kg | | 36,000.00 |
| ആകെ | - | 1,33,000 .00 |

## 2. അഗർബത്തി നിർമ്മാണം

അഗർബത്തി നിർമ്മാണം മുൻപ് കേരളത്തിൽ കുടിൽ വ്യവസായമായി നില നിന്നിരുന്നു. എന്നാൽ പിന്നീട് ഈ വ്യവസായം പിന്നോക്കം പോയി. ഇപ്പോൾ ഏറ്റവും നൂതന രീതിയിലുള്ള യന്ത്രങ്ങൾ ഉപയോഗപ്പെടുത്തി വ്യാവസായിക അടിസ്ഥാനത്തിൽ അഗർബത്തി നിർമ്മാണം നടത്താനാകും. അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന അഗർബത്തി കളാണ് ഇന്ന് മാർക്കറ്റ് അടക്കി വാഴുന്നത്. ഗാർഹിക സംരംഭം എന്ന നിലയിൽ അഗർബത്തി നിർമ്മാണം വീട്ടിൽ ആരംഭിക്കാൻ കഴിയും.





## അസംസ്കൃത വസ്തു

അഗർബത്തി നിർമ്മാണത്തിനുള്ള റെഡിമിക് സും, മുള ചീന്തുകളും, സിന്തറ്റിക് പെർഫ്യൂമും, ഡി.ഇ.പി. ഓയിലുമാണ് നിർമ്മാണത്തിന് ഉപ യോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ. പായ് ക്കിങ്ങിനായി ബട്ടർ പേപ്പർ കവറുകളും ഡ്യൂപ്ലക്സ് കവറുകളും ഉപയോഗിക്കുന്നു.

## നിർമ്മാണരീതി

റെഡിമിക്സും മുളച്ചിന്തും അഗർബത്തി നിർമ്മാണ യന്ത്രത്തിൽ ലോഡ് ചെയ്താൽ യന്ത്രം തനിയെ അഗർബത്തി സ്റ്റിക്കിന്റെ നിർമ്മാണം പൂർത്തിയാകും. തുടർന്ന് ഈ സ്റ്റിക്ക് തണലത്ത് ഉണങ്ങിയതിനു ശേഷം പെർഫ്യൂമിൽ 10 മിനിറ്റ് മുക്കി വെക്കും. പിന്നീട് ബട്ടർ പേപ്പർ കവറുകളിൽ പായ്ക്ക് ചെയ്തതിന് ശേഷം ഡ്യൂപ്ളെക്സ് കവറുകളിൽ പായ്ക്ക് ചെയ്ത് വിപണിയെലെത്തിക്കും.

## വരവ് ചിലവ് കണക്ക്

(ഒരു ദിവസം 100 കി .ഗ്രാം ചന്ദനത്തിരികൾ ഉല്പാദിപ്പിക്കുന്നതിന്റെ വരവ് ചിലവ് കണക്ക് )

### ചിലവ്

| | | |
|---|---|---|
| 1.റെഡിമിക്സ് 100 * 20 .00 | = | 2000.00 |
| 2. മുളചിന്തുകൾ,പെർഫ്യൂം | = | 1500.00 |
| 3. തൊഴിലാളി വേതനം | = | 1000.00 |
| 4. ഇലക്ട്രിസിറ്റി | = | 100.00 |
| 5. പായ്ക്കിംഗ് ചാർജ്ജ് 5000*2.50 | = | 12500.00 |
| 6. ഭരണചിലവുകൾ & മാർക്കറ്റിംഗ് | = | 2000.00 |
| ആകെ ചിലവ് | = | 20,100.00 |

### വരവ്

(100 കിലോഗ്രാമിൽ നിന്നും 20 എണ്ണം വീതമുള്ള 5000 പായ്ക്കറ്റുകൾ ലഭിക്കും )

| | | |
|---|---|---|
| 1.MRP 5000 *10 .00 | = | 50,000.00 |
| 2.30 % കമ്മീഷൻ കിഴിച്ച് | | |
| ഉല്പാദകന് ലഭിക്കുന്നത് 5000 *7.00 | = | 35,000.00 |

### പ്രതിദിനലാഭം

| | | |
|---|---|---|
| വരവ് | = | 35,000.00 |
| ചിലവ് | = | 20,100.00 |
| ലാഭം | = | 14,900.00 |

### മൂലധനനിക്ഷേപം

| | | |
|---|---|---|
| 1. അഗർബത്തി നിർമ്മാണ യന്ത്രം | = | 1,35,000.00 |
| 2. പ്രവർത്തന ഉപകരണങ്ങൾ, അനുബന്ധസ സാമഗ്രികൾ | = | 25,000.00 |
| 4. പ്രവർത്തന മൂലധനം | = | 50,000.00 |
| ആകെ | = | 2,10,000.00 |

## 3. വിളക്ക് തിരി നിർമ്മാണം

വീടുകളിലും ക്ഷേത്രങ്ങളിലും ആചാരങ്ങളുടെ ഭാഗമായി വിളക്ക് തിരികൾ ഉപയോഗിക്കുന്നത്. കേരളത്തിൽ മുൻപ് വിളക്ക് തിരി നിർമ്മാണം നടന്നിരിന്നു. ഇപ്പോൾ തിരുപ്പൂരിൽ നിന്ന് വിളക്ക് തിരി വലിയ റോളുകളായി വാങ്ങി കേരളത്തിൽ കൊണ്ടുവന്ന് ചെറുതായി മുറിച്ച് 20 എണ്ണം വീതമുള്ള കെട്ടുകളായാണ് വിപണിയിലെത്തിക്കുന്നത്. ചെറിയ ഒരു കട്ടിംഗ് യന്ത്രം മാത്രം ഉപയോഗിച്ച് വിളക്ക് തിരി നിർമ്മാണം വീടുകളിൽ ആരംഭിക്കാം.





### വിപണനം

ക്ഷേത്രങ്ങൾ, പൂജാ സ്റ്റോറുകൾ, പലചരക്ക് കടകൾ തുടങ്ങി വില്പനയ്ക്കുള്ള ഇടങ്ങൾ ധാരാളമുണ്ട്. വിതരണക്കാരെ നിയമിച്ചും വില്പന വർദ്ധിപ്പിക്കാം

### മൂലധനനിക്ഷേപം

| | | |
|---|---|---|
| വിളക്ക് തിരി കട്ടിംഗ് യന്ത്രം | – | 60,000 |

## 4. വിളക്കെണ്ണ റീപായ്ക്കിങ്

ഓട്ടുവിളക്കുകൾ, നിലവിളക്കുകൾ, കൽവിളക്കുകൾ, ചിരാതുകൾ, ചുറ്റുവിളക്കുകൾ എന്നിവ തെളിയിക്കുന്നതിന് വിളക്കെണ്ണയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ പൊതുവെ ഭക്ഷ്യയോഗ്യമല്ലാത്ത തവിടെണ്ണയാണ് വിളക്ക് എണ്ണയായി ഉപയോഗപെടുത്തുന്നത്. പ്രധാനപ്പെട്ട റൈസ് മില്ലുകളിലൊക്കെ തവിടിൽ നിന്ന് എണ്ണ എടുക്കുന്നുണ്ട്. ഇതിൽ ഭക്ഷ്യ യോഗ്യമല്ലാത്ത എണ്ണയാണ് വിളക്കെണ്ണയായി നൽകുന്നത്.

### റീപായ്ക്കിങ് രീതി

റൈസ് മില്ലുകളിൽ നിന്ന് തവിടെണ്ണ വാങ്ങി 200ml, 500 ml, 1 ലിറ്റർ പ്ലാസ്റ്റിക് ബോട്ടിലുകളിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്യുന്നതാണ് റീപായ്ക്കിങ് രീതി.



കുപ്പികളിൽ നിറക്കാൻ ഫില്ലിംഗ് മെഷീനും, അലൂമിനിയം ക്യാപ് സീലിംഗ് ചെയ്യുന്നതിനുമുള്ള യന്ത്രവും ആവശ്യമായി വരും.

**ഓട്ടുവിളക്കുകൾ, നിലവിളക്കുകൾ, കൽവിളക്കുകൾ, ചിരാതുകൾ, ചുറ്റുവിളക്കുകൾ എന്നിവ തെളിയിക്കുന്നതിന് വിളക്കെണ്ണയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ പൊതുവെ ഭക്ഷ്യയോഗ്യമല്ലാത്ത തവിടെണ്ണയാണ് വിളക്ക് എണ്ണയായി ഉപയോഗപെടുത്തുന്നത്.**

### മൂലധനനിക്ഷേപം

| | | |
|---|---|---|
| ബോട്ടിൽ ഫില്ലിംഗ് മെഷീൻ | – | 40,000 |
| ബോട്ടിൽ ക്യാപ് സീലിംഗ് മെഷീൻ | – | 80,000 |
| ആകെ | | 1,20,000 |

### പരിശീലനം യന്ത്രങ്ങൾ

കർപ്പൂര നിർമ്മാണം, അഗർബത്തി നിർമ്മാണം, വിളക്ക് തിരി, വിളക്കെണ്ണ എന്നിവയുടെ റീപായ്ക്കിങ് എന്നീ പദ്ധതികൾക്ക് ആവശ്യമായ പരിശീലനവും യന്ത്രവും പിറവം അഗ്രോപാർക്കിൽ ലഭിക്കും. ഫോൺ നമ്പർ : 0485 2999990

### ലൈസൻസ്, വായ്പ, സബ്സിഡി

ഉദ്യം രെജിസ്ട്രേഷൻ, പായ്ക്കിങ് ലൈസൻസ്, കെ-സ്വിഫ്റ്റ് എന്നിവ നേടി ഗാർഹിക സംരംഭങ്ങൾ ആരംഭിക്കാം. സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താൻ പറ്റിയ ധാരാളം വായ്പാ സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്. മൂലധന നിക്ഷേപത്തിന് അനുസൃതമായി സബ്സിഡിയും ലഭിക്കും.



ഇന്ദു കെ പി




# ‘കരുണ ചിപ്സ്’

## ഗുണമേന്മയിലൂടെ വിജയത്തിലേക്ക്

**നൽകുന്ന** ഭക്ഷണത്തിന്റെ മികവിലൂടെ ഉപഭോക്താക്കളെ ആകർഷിക്കുവാനും അതിലൂടെ സംരംഭത്തിന് വിജയത്തിലെത്താനും സാധിക്കുമെന്നതിന്റെ നേർസാക്ഷ്യമാണ് തൃശൂർ ജില്ലയിലെ പാലക്കലിനടുത്ത് പാലിശ്ശേരിയിലെ ’കരുണ ചിപ്സ്’. 40 വർഷം മുൻപ് അച്ഛൻ പൂക്കാട്ടിൽ കൃഷ്ണൻ കുട്ടിതുടക്കമിട്ട ചിപ്സ് ഉത്പാദന സംരംഭം ഇന്ന് മികച്ച രീതിയിലാണ് അദ്ദേഹത്തിന്റെ ഭാര്യ അമ്മുകുട്ടിയമ്മയും മകൻ രാജനും ഭാര്യ ലതയും മുന്നോട്ട് നയിക്കുന്നത്. വാടകയ്ക്ക് എടുത്ത ചെറിയ ചായക്കടയിൽ കൃഷ്ണൻകുട്ടി കുറച്ചു കായ വറുത്തതും ലഡ്ഡുവും ഉണ്ടാക്കിയായിരുന്നു തുടക്കം. പിന്നീട് വീടിനോട് ചേർന്നുള്ള അടുക്കളയിലേക്ക് പ്രവർത്തികൾ മാറ്റുകയായിരുന്നു. മൂന്ന് ജോലിക്കാരും ഭാര്യ അമ്മുക്കുട്ടിയമ്മയും ഉൾപ്പെടെ അഞ്ചു പേരാണ് വറവ് പലഹാരങ്ങളുടെ ഉത്പാദന യൂണിറ്റിൽ അന്ന് ജോലിക്കായി ഉണ്ടായിരുന്നത്. ചക്ക വറുത്തത്, മുറുക്ക്, പക്കുവട എന്നിവയെല്ലാം ചെറിയ രീതിയിൽ ഉണ്ടാക്കി സമീപത്തെ കടകളിലും, വീടുകളിലും കൊടുക്കുന്നതായിരുന്നു വിപണന രീതി. ആവശ്യക്കാർ കൂടുതലായപ്പോൾ ഉല്പാദനത്തിന്റെ അളവ് കൂട്ടുകയും വിവിധ തരം വറവുകൾ ഉണ്ടാക്കുവാനും തുടങ്ങി.

പരസ്യപ്രചാരണങ്ങളോ, സ്വയം പ്രമോഷനോ ഒന്നും ഇല്ലാതെ തന്നെ ’കരുണ ചിപ്സിന്’ 40 വർഷം വിപണിയിൽ നിലനിൽക്കാൻ സാധിച്ചുവെങ്കിൽ അതിന്റെ പ്രധാന കാരണം ഉത്പന്നങ്ങളുടെ ഗുണനിലവാരം തന്നെയാണ് എന്നതിൽ സംശയമില്ല. ജോലിക്കാരെ ഏൽപ്പിച്ച് മാറിനിൽക്കുന്ന രീതിയല്ല ഇവിടെയുള്ളത്. മറിച്ച് അമ്മയും മകനും ഭാര്യയും ഉൾപ്പടെയുള്ള കൂട്ടായ പരിശ്രമമാണ് കരുണ ചിപ്സിന്റെ വിജയതന്ത്രം. യാതൊരു തരത്തിലുള്ള പ്രിസർവേറ്ററുകളും ചേർക്കാതെയാണ് വറവുകൾ ഉണ്ടാക്കുന്നത്. ചക്കയും കായയും ശുദ്ധമായ വെളിച്ചെണ്ണയിൽ മാത്രമാണ് വറുത്തെടുക്കുന്നത്. ഇത് എടുത്തു പറയേണ്ട പ്രത്യേകതയാണ്.

ഓൺലൈൻ വിപണികൾ സജീവമായ ഈ കാലഘട്ടത്തിൽ നേരിട്ട് മാത്രം വില്പന നടത്തുകയാണിവർ. ആവശ്യക്കാർക്ക് ഓർഡർ അനുസരിച്ച് എത്തിച്ചു നൽകുകയും, യൂണിറ്റിൽ വന്നാൽ ഹോൾസെയിൽ വിലയിൽ വാങ്ങാവുന്നതുമാണ്.

അച്ഛനോടൊപ്പം പതിനഞ്ചാം വയസ്സിൽ രാജനും ഈ സംരംഭത്തിന്റെ ഭാഗമായി. അച്ഛന്റെ മരണശേഷം സംരംഭത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നപ്പോൾ, അച്ഛൻ ഉണ്ടാക്കിയെടുത്ത സൽപേര് നിലനിർത്തുകയെന്നത് വലിയ ഉത്തരവാദിത്തമായിരുന്നു. വറവ് പലഹാരങ്ങളിലുള്ള അച്ഛന്റെ കൈപ്പുണ്യം നാട്ടിൽ പ്രസിദ്ധമായിരുന്നതിനാൽ അതു തുടരുകയെന്ന ദൗത്യമാണ് രാജന്റെ മുന്നിലുണ്ടായിരുന്നത്. അമ്മ അമ്മുക്കുട്ടിയമ്മയും ഭാര്യ ലതയും എല്ലാറ്റിനും ഒപ്പം ഉണ്ട്. സ്ഥിരമായി പത്ത് ജോലിക്കാരുണ്ടെന്ന് രാജൻ പറയുമ്പോൾ അതിൽ മൂന്നുപേർ താനും ഭാര്യയും അമ്മയുമാണെന്ന് പ്രത്യേകം പറയുന്നു. രാവിലെ എട്ടുമണിക്ക് ആരംഭിക്കുന്ന ജോലികൾ വൈകുവോളം തുടരുന്നു. തൊഴിലാളികൾ അഞ്ചുമണിക്ക് ജോലി അവസാനിപ്പിച്ചാലും ഇവരുടെ ജോലി പൂർത്തിയാകില്ല. ജോലിക്കാർക്ക് ഭക്ഷണവും ഇവിടെ നിന്ന് തന്നെയാണ് നൽകുന്നത്. ഉത്സവങ്ങൾ, പെരുന്നാളുകൾ, എന്നിങ്ങനെ സീസണുകളിൽ കൂടുതൽ പേരെ ജോലിക്ക് എടുക്കേണ്ടി വരും. കായ, കപ്പ എന്നിവ തൊലി കളയുന്നതിനു മാത്രമായി താത്ക്കാലിക ജോലിക്കാരെയും വെയ്ക്കാറുണ്ട്.

മധുരസേവ, ശർക്കര വരട്ടി, മുറുക്ക്, കപ്പ, ചക്ക ചിപ്സ്, ഉഴുന്നുവട, മസാലക്കപ്പലണ്ടി, അഞ്ചുതരം മിക്സ്ചറുകൾ എന്നിങ്ങനെ സ്ഥിരമായി ഉണ്ടാക്കുന്ന പതിനാല് വറവുകൾക്ക് പുറമേ ഓർഡർ അനുസരിച്ച് അച്ചപ്പം, കുഴലപ്പം, ലഡ്ഡു, ഐ നാസ് എന്നിവയും ഉണ്ടാക്കി നൽകും. സാധാരണയായി ഒന്നിടവിട്ട ദിവസങ്ങളിൽ 500 കിലോയ്ക്ക് മുകളിൽ കായ വറുക്കും. 100 കിലോ കായ വറുത്താൽ ഏകദേശം 35 കിലോ കായ ചിപ്സ് ആണ് ലഭിക്കുക. 200 ഗ്രാം മുതൽ 500 ഗ്രാം വരെയുള്ള പാക്കറ്റുകളിൽ ആണ്



**തൊഴിലാളികൾ അഞ്ചുമണിക്ക് ജോലി അവസാനിപ്പിച്ചാലും ഇവരുടെ ജോലി പൂർത്തിയാകില്ല. ജോലിക്കാർക്ക് ഭക്ഷണവും ഇവിടെ നിന്ന് തന്നെയാണ് നൽകുന്നത്. ഉത്സവങ്ങൾ, പെരുന്നാളുകൾ, എന്നിങ്ങനെ സീസണുകളിൽ കൂടുതൽ പേരെ ജോലിക്ക് എടുക്കേണ്ടി വരും.**





**ആദ്യഘട്ടത്തിൽ തോട്ടങ്ങളിൽ നേരിട്ട് എത്തി അസംസ്കൃത വസ്തുക്കൾ ആയ കായ, കപ്പ എന്നിവ ശേഖരിക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ പിന്നീട് തൃശൂർ, മീനാക്ഷിപുരം മാർക്കറ്റുകളിൽ നിന്നും ആവശ്യമുള്ളവ ഓർഡർ നൽകിയാൽ ഇവിടെ എത്തിച്ചു നൽകും.**

സാധാരണ വറവ് പലഹാരങ്ങൾ നൽകുന്നത്. എന്നാൽ ഓർഡർ അനുസരിച്ച് ഒരു കിലോയുടെ പാക്കറ്റുകളിലും നൽകുന്നുണ്ട്. സാധാ മിക്സ്ചർ 500 ഗ്രാമിന് 100 രൂപയും, സ്പെഷ്യൽ മിക്സ്ചറിന് 140 രൂപയുമാണ് വില ഈടാക്കുന്നത്. പക്കുവട 500 ഗ്രാമിന് 130 രൂപയാണ്. കൊള്ളി 500 ഗ്രാമിന് 150 രൂപയുമാണ്.

ആദ്യഘട്ടത്തിൽ തോട്ടങ്ങളിൽ നേരിട്ട് എത്തി അസംസ്കൃത വസ്തുക്കൾ ആയ കായ, കപ്പ എന്നിവ



ശേഖരിക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ പിന്നീട് തൃശൂർ, മീനാക്ഷിപുരം മാർക്കറ്റുകളിൽ നിന്നും ആവശ്യമുള്ളവ ഓർഡർ നൽകിയാൽ ഇവിടെ എത്തിച്ചു നൽകും. തൃശൂർ ജില്ലയിലെ കടകളിലും സൂപ്പർമാർക്കറ്റുകളിലും കരുണ ചിപ്സിന്റെ വിവിധതരം വറവ് ഉത്പന്നങ്ങളും ചിപ്സുകളും ലഭ്യമാണ്. ഇവയെല്ലാം സ്വന്തം വാഹനത്തിൽ തന്നെയാണ് കടകളിലേക്ക് വിതരണത്തിനായി രാജൻ എത്തിക്കുന്നത്. കഠിനാധ്വാനത്തിലൂടെ വിപണിയിൽ തന്റേതായ ഒരിടം ഉണ്ടാക്കിയെടുക്കുവാൻ കരുണ ചിപ്സിന്റെ സാരഥികൾക്ക് സാധിച്ചിട്ടുണ്ട്. ഗുണമേന്മയിൽ ഒട്ടും ഇടിവ് വരുത്താതെ ഉത്പാദനത്തിൽ അച്ഛന്റെ പാത പിന്തുടരുന്ന മകന് ലാഭകരമായി ബിസിനസ് മുന്നോട്ട് കൊണ്ടുപോകുവാനും അതിലൂടെ കുറച്ചു കുടുംബങ്ങൾക്ക് സ്ഥിരമായി തൊഴിൽ നൽകുവാനും സാധിക്കുന്നു.

ഒരിക്കൽ കരുണ ചിപ്സിന്റെ രുചി അറിഞ്ഞിട്ടുള്ളവർ അതു തന്നെ ചോദിച്ചു വാങ്ങുമെന്നതാണ് ഉത്പന്നത്തിന്റെ ഗുണം. ഓണം, വിഷു, ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നീ വിശേഷ അവസരങ്ങളിൽ യൂണിറ്റിൽ നേരിട്ട് വന്നു വാങ്ങുന്നവർ ധാരാളമാണ്. എയ്റോ സ്പേസ് എഞ്ചിനിയറായ മകൻ ജിതിനും ഡെന്റൽ സർജനായ മകൾ ഡോ:സാൻഡ്രയും ഈ സംരംഭത്തിന് പൂർണ്ണ പിന്തുണയുമായി കുടുംബത്തിനൊപ്പമുണ്ട്.

# EDEN PICKLES

VADATTUPARA P.O
KOTHAMANGALAM
9497681418
8848977507

EDEN
MUSHROOM

100% ഓർഗാനിക്കായ രീതിയിൽ കൃഷി ചെയ്തെടുത്ത
സ്വാദിഷ്ഠമായ ചിപ്പി കൂണുകൾ











INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

# 1,52,905 കോടിയുടെ നിക്ഷേപ താൽപര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട്

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025






**കേരളം** പ്രതീക്ഷയോടെ കാത്തിരുന്ന ആഗോള നിക്ഷേപക സംഗമമായ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ബോൾഗാട്ടിയിലെ ഗ്രാന്റ് ഹയാത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. കേരളത്തിന്റെ വ്യവസായ നയം ലക്ഷ്യമിടുന്ന നൂതന വ്യവസായ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് രാജ്യത്തിന്റെ തന്നെ ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 എന്ന വിശേഷിപ്പിക്കാവുന്ന തരത്തിൽ വ്യവസായങ്ങളുടെ ഹബ്ബായി മാറാനാണ് ഇതിലൂടെ കേരളം ശ്രമിക്കുന്നത്. സുസ്ഥിര വളർച്ചയുടെ അടിത്തറയായി വർത്തിക്കുന്ന ഉത്തരവാദിത്ത വ്യവസായവും ഉത്തരവാദിത്ത നിക്ഷേപങ്ങളും ESG അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള കേരളത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയുമാണ് ഈ സുപ്രധാന സമ്മേളനത്തിന്റെ മുഖമുദ്ര.

ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി (ഐകെജിഎസ് 2025) ന്റെ ഉദ്ഘാടനം 2025 ഫെബ്രുവരി 21 ന് കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേരളത്തിലേക്ക് വരുന്ന നിക്ഷേപകർക്ക് തടസ്സങ്ങൾ നേരിടേണ്ടി വരില്ലെന്ന് സർക്കാർ ഉറപ്പാക്കിയിട്ടുണ്ടെന്ന് ദ്വിദിന ഉച്ചകോടി ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിന്റെ നിക്ഷേപ സാഹചര്യം ചരിത്രപരമായ പരിവർത്തനത്തിൽ എത്തിയിരിക്കുമ്പോഴാണ് ഉച്ചകോടി നടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിൽ സംസ്ഥാനം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷത്തെ മാറ്റിമറിച്ച നിരവധി നിയമനിർമ്മാണ, നയ സംരംഭങ്ങൾ സംസ്ഥാന സർക്കാർ കൊണ്ടുവന്നതിലൂടെ മാനവ വികസനത്തിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനം, ഇപ്പോൾ നിക്ഷേപ സൗഹൃദ കേന്ദ്രത്തിന്റെ പദവിയിലേക്ക് കുതിക്കുകയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ്. കൂടാതെ കേരളത്തിന്റെ സംരംഭക വർഷം പദ്ധതി ദേശീയ തലത്തിൽ മികച്ച മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ കണക്റ്റിവിറ്റി, ഗതാഗത സൗകര്യങ്ങൾ, തടസ്സമില്ലാത്ത വൈദ്യുതി എന്നിവയുൾപ്പെടെയുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിനുണ്ട്. ഭാവി സാങ്കേതിക വിദ്യയാൽ നയിക്കപ്പെടുന്ന വ്യവസായങ്ങൾക്ക് ആവശ്യമായ ഏറ്റവും മികച്ച മാനവ വിഭവശേഷി സംസ്ഥാനം വാഗ്ദാനം ചെയ്യുന്നു. കേരളത്തിന്റെ ഈ വ്യവസായ ആവാസവ്യവസ്ഥയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തേണ്ടത് നിക്ഷേപകരാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത് സംസാരിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി, വാണിജ്യമന്ത്രി




പീയൂഷ് ഗോയൽ, നൈപുണ്യ വികസന മന്ത്രി ജയന്ത് ചൗധരി എന്നിവർ വേഗത്തിലുള്ള വ്യാവസായിക വികസനം സാധ്യമാക്കുന്ന കേരളത്തിന്റെ ശ്രമങ്ങൾക്ക് കേന്ദ്രത്തിന്റെ പൂർണപിന്തുണ വാഗ്ദാനം ചെയ്തു.

കേരളത്തിനായി 50,000 കോടി രൂപ ചെലവ് വരുന്ന 31 റോഡ് വികസന പദ്ധതികൾ നിതിൻ ഗഡ്കരി പ്രഖ്യാപിച്ചു. ദേശീയപാത വികസനം ഉൾപ്പെടെ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കേരളത്തിനായി നടപ്പാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ വ്യാവസായിക, സാമ്പത്തിക വികസന സംരംഭങ്ങൾക്ക് കേന്ദ്രം പൂർണ്ണ പിന്തുണ നൽകുമെന്ന് പിയൂഷ് ഗോയൽ പറഞ്ഞു.

കേരളം അതിന്റെ ശക്തി മേഖലകളിലൂടെ 'ഇന്ത്യയുടെ വികസനത്തിലേക്കുള്ള കവാടമായി' മാറിയിരിക്കുന്നുവെന്ന് ജയന്ത് ചൗധരി പറഞ്ഞു. നൈപുണ്യ ശേഷിയുള്ള മനുഷ്യവിഭവത്തിലൂടെ നവീകരണത്തിലും നൂതന സാങ്കേതിക വിദ്യയിലും രാജ്യത്തിന് വലിയ സംഭാവന നൽകാൻ കേരളത്തിന് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയും യുഎഇയും തമ്മിലുള്ള ചരിത്രപരമായ സാമ്പത്തിക പങ്കാളിത്തത്തിൽ ശ്രദ്ധേയമായ വളർച്ചയുണ്ടായിട്ടുണ്ടെന്നും ഇന്ത്യ യുഎഇയുടെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളിയാണെന്നും യുഎഇ സാമ്പത്തിക മന്ത്രി അബ്ദുള്ള ബിൻ തൗക് അൽമാരി പറഞ്ഞു. ഭക്ഷ്യ സംസ്കരണം, ടൂറിസം, സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, ബഹിരാകാശം തുടങ്ങിയ സുപ്രധാന മേഖലകളിൽ കേരളവുമായി സഹകരിക്കാൻ യുഎഇ താൽപ്പര്യപ്പെടുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. ഉച്ചകോടിയിൽ 22 അംഗ സംഘത്തെയാണ് അൽമാരി നയിക്കുന്നത്.

ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേരിൽ മികച്ച ടൂറിസം കേന്ദ്രമായി കേരളം പണ്ടേ അംഗീകരിക്കപ്പെട്ടിരുന്നുവെങ്കിലും 'വ്യവസായങ്ങളുടെ സ്വർഗ'മായി ഇപ്പോഴാണ് മാറിയതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ നിയമ കയർ മന്ത്രി പി രാജീവ് പറഞ്ഞു. രാഷ്ട്രീയ ബന്ധങ്ങൾ പരിഗണിക്കാതെ, കേരളത്തെ സാമ്പത്തിക അഭിവൃദ്ധിയുടെയും വ്യാവസായിക മികവിന്റെയും ഭാവിയിലേക്ക് നയിക്കുക എന്നതാണ് കൂട്ടായ ലക്ഷ്യമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് എല്ലാ വശങ്ങളിലും പ്രതിപക്ഷം പിന്തുണ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തദ്ദേശ എക്സൈസ് മന്ത്രി എം.ബി.രാജേഷ്, തുറമുഖ സഹകരണ മന്ത്രി വിഎൻ വാസവൻ, സാംസ്കാരിക ഫിഷറീസ് മന്ത്രി സജി ചെറിയാൻ, ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി. ആർ അനിൽ, നീതി ആയോഗ് മുൻ ചെയർമാനും ജി 20 ഷെർപയുമായ അമിതാഭ് കാന്ത്, ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ ചെയർമാനും എംഡിയും നോർക്ക റൂട്ട്സ് വൈസ് ചെയർമാനുമായ എം എ യൂസഫ് അലി, സിഐഐ പ്രസിഡന്റ് സഞ്ജീവ് പുരി, അദാനി പോർട്സിന്റെയും എസ്ഇഇസെഡ് ലിമിറ്റഡിന്റെയും എംഡി കരൺ അദാനി തുടങ്ങിയവരും സംസാരിച്ചു.






ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ സ്വാഗതവും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് നന്ദിയും പറഞ്ഞ ചടങ്ങിൽ വ്യവസായ പ്രമുഖരായ എം ഡി അദീബ് അഹമ്മദ്, അനസൂയ റേ, അനിൽ ഗാന്ജു, ഡോ. ആസാദ് മൂപ്പൻ, ജീൻ മാനേ, ജോഷ് ഫോള്ഗർ, മാർട്ടിൻ സൊന്റാഗ്, മാത്യു ഉമ്മൻ, മുകേഷ് മേഹ്ത്ത, എം എം മുരുഗപ്പൻ, രവി പിള്ള, ടി എസ് കല്യാണരാമൻ, ശശികുമാർ ശ്രീധരൻ, ശ്രീപ്രിയ ശ്രീനിവാസൻ, വിനീത് വർമ്മ, വിവിധ വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവർ സംബന്ധിച്ചു.

## അയ്യായിരം കോടി രൂപ വീതം നിക്ഷേപം പ്രഖ്യാപിച്ച് ലുലു ഗ്രൂപ്പും യുഎഇ ഷറഫ് ഗ്രൂപ്പും

പ്രമുഖ മലയാളി വ്യവസായ ഗ്രൂപ്പായ ലുലു ഭക്ഷ്യസംസ്ക്കരണ മേഖല, ചില്ലറ വ്യാപാരം, ഐടി അടിസ്ഥാന സൗകര്യം, ഫിൻടെക് എന്നീ








മേഖലകളിൽ 5,000 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന പ്രഖ്യാപനം നടത്തി. ലോകോത്തര ലോജിസ്റ്റിക്സ്-ഷിപ്പിംഗ് കമ്പനിയായ ദുബായിലെ ഷറഫ് ഗ്രൂപ്പ് കേരളത്തിൽ 5000 കോടി രൂപയുടെ നിക്ഷേപം നടത്തും. നൂറ് ടണ്ണിൽ താഴെ കേവുഭാരമുള്ള യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം കൊച്ചിയിൽ ആരംഭിക്കുന്നതിന് ടാറ്റാ എന്റർപ്രൈസസിനു കീഴിലുള്ള ആർട്സൺ എൻജിനീയറിംഗും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സും ധാരണാപത്രം ഒപ്പു വച്ചു.

കളമശ്ശേരിയിൽ 20 ഏക്കറിൽ ആരംഭിക്കുന്ന വൻകിട ഭക്ഷ്യസംസ്ക്കരണ സംവിധാനവും കയറ്റുമതി യൂണിറ്റുമാണ് പ്രധാന നിക്ഷേപ പദ്ധതിയെന്ന് ലുലു എക്സിക്യൂട്ടീവ് ചെയർമാൻ എം എ അഷ്റഫ് അലി പറഞ്ഞു. കയറ്റുമതിയ്ക്കും ലുലുവിന്റെ ചില്ലറ വിൽപന കേന്ദ്രങ്ങളിലേക്കും മാത്രമായിരിക്കും ഇവിടെ നിന്നുള്ള ചരക്ക് നീക്കം. കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് പച്ചക്കറിയും പഴവർഗ്ഗങ്ങളും ശേഖരിച്ച് ശീതീകരണ സംവിധാനം വഴി കയറ്റുമതി ചെയ്യുകയാണ് ഉദ്ദേശ്യം. ഇതിനു പുറമെ അത്യാധുനിക രീതിയിലുള്ള ഭക്ഷ്യസംസ്ക്കരണ സംവിധാനവും ഇവിടെ ഒരുക്കും.

സംസ്ഥാന സർക്കാരിന്റെ നിർദ്ദിഷ്ട ഗ്ലോബൽ സിറ്റി പദ്ധതിയിൽ ഐടി അടിസ്ഥാന സൗകര്യവും ഫിൻടെക് മേഖലയിലുമാണ് നിക്ഷേപം നടത്താൻ ലുലു ഗ്രൂപ്പ് ലക്ഷ്യം വയ്ക്കുന്നത്. കാക്കനാടുള്ള ഇരട്ട ഐടി കെട്ടിട സമുച്ചയവും ഉടൻ പ്രവർത്തന മാരംഭിക്കും. ചില്ലറവ്യാപാര രംഗത്ത് പെരിന്തൽമണ്ണ, തിരൂർ, കണ്ണൂർ, കാസർകോഡ് എന്നിവിടങ്ങളിൽ ലുലു മാർക്കറ്റ് ആരംഭിക്കും. പുതിയ നിക്ഷേപ പദ്ധതികൾ വഴി സംസ്ഥാനത്ത് 15,000 തൊഴിലവ സരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. 25,000 ജീവനക്കാരെ ഉൾക്കൊള്ളാൻ കഴിയുന്നതാണ് ഇരട്ട ഐടി ടവറെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിൽ രണ്ടിടത്തായാണ് 5000 കോടി രൂപ യുടെ പുതിയ നിക്ഷേപ പദ്ധതികൾ നടപ്പാക്കു ന്നതെന്ന് ഷറഫ് ഗ്രൂപ്പ് വൈസ് ചെയർമാനും, യുഎഇ-ഇന്ത്യ ബിസിനസ് കൗൺസിലിന്റെ ചെയർമാനും കൂടിയായ മേജർ ജനറൽ(റിട്ട.) ഷറഫുദ്ദീൻ ഷറഫ് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട താൽപര്യപത്രം സർക്കാരിന് നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

## കേരളത്തിന് അടുത്ത സിങ്കപ്പൂരാകാൻ സാധ്യത

വിഴിഞ്ഞം തുറമുഖം പ്രവർത്തന സജ്ജമാകു ന്നതോടെ അടുത്ത സിംഗപ്പൂരാകാനുള്ള എല്ലാ സാധ്യതകളും കേരളത്തിനുണ്ടെന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്ത വിദഗ്ധർ. അനുകൂല നയങ്ങളും ഫലപ്രദമായ ആവാസ വ്യവസ്ഥയും ഇതിനായി രൂപപ്പെടുത്തണമെന്നും അവർ അഭിപ്രായപ്പെട്ടു. "കേരളം - വലിയ അവസരങ്ങളുടെ ചെറിയ ലോകം" എന്ന വിഷയ ത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്. നീതി ആയോഗ് മുൻ സിഇഒയും ജി 20 ഷെർപ്പയുമായ അമിതാഭ് കാന്ത് മോഡറേറ്ററായിരുന്ന ചർച്ചയിലാണ് വിഴിഞ്ഞം

ആഴക്കടൽ തുറമുഖത്തിന്റെ അനന്തമായ സാധ്യതകളെ സംബന്ധിച്ചുള്ള വിദഗ്ധരുടെ ആശയങ്ങൾ പങ്കുവയ്ക്കപ്പെട്ടത്. ആഗോള വ്യാപാരത്തിലെ മാറ്റങ്ങളും സാങ്കേതികവിദ്യയുടെ വികസനവും വിഴിഞ്ഞം തുറമുഖവുമെല്ലാം കേരളത്തിന് വമ്പൻ മാറ്റങ്ങൾക്ക് അവസരമൊരുക്കുന്നതായി പാനലിസ്റ്റുകൾ ചൂണ്ടിക്കാട്ടി.





കേരളത്തിന് മാത്രമല്ല, രാജ്യത്തിന് മുഴുവനുമാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രയോജനം ലഭിക്കുകയെന്ന് അദാനി പോർട്സ് ആൻഡ് സെസ് ലിമിറ്റഡ് സിഇഒ അശ്വനി ഗുപ്ത പറഞ്ഞു. 193 കിലോമീറ്റർ കടൽത്തീരം മാത്രമാണ് സിംഗപ്പൂരിനുള്ളത്, എങ്കിലും പ്രതിവർഷം 40 ദശലക്ഷം ടിഇയു കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നു. അതിൽ 90 ശതമാനവും ട്രാൻസ്ഷിപ്മെന്റുകളാണ്. കേരളത്തിന് 600 കിലോമീറ്റർ കടൽത്തീരമുണ്ട്, എന്നാലിവിടെ 3.5 ദശലക്ഷം ടിഇയു മാത്രമാണ് കൈകാര്യം ചെയ്യുന്നത്. അന്താരാഷ്ട്ര കപ്പൽപ്പാതയോട് ചേർന്നാണ് വിഴിഞ്ഞം തുറമുഖം എന്നതിനാൽ തന്നെ സമയവും ചെലവും കുറയ്ക്കാൻ സാധിക്കും. ഇതിലൂടെ മികച്ച അവസരങ്ങളാണ് സംസ്ഥാനത്തിനുള്ളതെന്നും അദ്ദേഹം പറഞ്ഞു.



ഭാവി വികസനങ്ങൾക്ക് ഐടി മേഖലയുടെ പങ്ക് നിർണായകമാണെന്ന് ഗൂഗിൾ ക്ലൗഡ് അപാക് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശശികുമാർ ശ്രീധരൻ അഭിപ്രായപ്പെട്ടു. കണക്റ്റിവിറ്റി, കമ്പ്യൂട്ടിംഗ്, എഐ, റോബോട്ടിക്സ് തുടങ്ങിയ രംഗങ്ങളിൽ ആഗോളതലത്തിൽ മത്സരിക്കാനുള്ള കഴിവ് കേരളത്തിനുണ്ടെന്ന് ജിയോ പ്ലാറ്റ്ഫോംസ് സിഇഒ മാത്യു ഉമ്മൻ പറഞ്ഞു. ഇന്റർനെറ്റ് ലഭ്യതയിലും വൻ കുതിച്ചുചാട്ടമാണ് സംസ്ഥാനത്തുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.









## വ്യവസായ കേരളത്തിന്റെ നേർക്കാഴ്ചയായി ഇൻവെസ്റ്റ് കേരള പ്രദർശനം

വ്യവസായകേരളത്തിന്റെ കുതിപ്പും അവസരവും നിക്ഷേപസാധ്യതയും വിളിച്ചോതി ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിലെ പ്രദർശനം. പരമ്പരാഗത വ്യവസായങ്ങൾ മുതൽ നാളെയുടെ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നൂതന സ്റ്റാർട്ടപ്പുകളും അഭിമാനസ്തംഭങ്ങളായ വൻകിട വ്യവസായങ്ങൾ വരെ ആകർഷകമായ പ്രദർശനത്തിൽ ഉൾപ്പെടുന്നു.

ആകെ 105 പ്രദർശന സ്റ്റാളുകളാണ് ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ദ്വിദിന ഉച്ചകോടിയിൽ ഒരുക്കിയിരുന്നത്. സംസ്ഥാനത്തിന്റെ വ്യവസായ മുന്നേറ്റത്തിന്റെ ചാലക ശക്തിയായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിൽ ഭക്ഷ്യസംസ്ക്കരണം, ഉത്പാദനമേഖല, റബർ എന്നിവ ഉൾപ്പെട്ടിരിക്കുന്നു. ആയുർവേദ-സൗഖ്യചികിത്സാ മേഖലയിലും വൈവിധ്യമാർന്ന ഉത്പന്നങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. എണ്ണത്തോണി, ആയുർവേദ യാത്രാ കിറ്റ്, ആരോഗ്യസംരക്ഷണ ഭക്ഷ്യോത്പന്നങ്ങൾ എന്നിവയും പ്രദർശിപ്പിച്ചിരുന്നു.

രാജ്യത്തിന്റെ അഭിമാനമായ തദ്ദേശീയമായി നിർമ്മിച്ച വിമാനവാഹിനി കപ്പലായ ഐഎൻഎസ് വിക്രാന്തിന്റെ മാതൃകയാണ് കൊച്ചിൻ ഷിപ്പ് യാർഡിന്റെ പവലിയനിൽ കാഴ്ചക്കാരെ സ്വീകരിച്ചത്. ഇതിനു പുറമെ രാജ്യത്തെ ആദ്യ വാട്ടർ മെട്രോയുടെ മാതൃകയും ഒരുക്കിയിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകളും അവസരങ്ങളും പ്രത്യേക സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു. ആലപ്പുഴയിലെ സ്വകാര്യമേഖലയിലുള്ള സമുദ്ര ഷിപ്പ് യാർഡിന്റെ സ്റ്റാളും ഈ മേഖലയിലെ സംസ്ഥാനത്തിന്റെ നിക്ഷേപസാധ്യതകൾ വിളിച്ചോതുന്നതായിരുന്നു.

പ്രതിരോധ സാങ്കേതികവിദ്യയിൽ ഏറെ സങ്കീർണമായ പ്രക്രിയയായിരുന്നു ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ സുഖോയ്- 30 പോർ വിമാനത്തിൽ ഘടിപ്പിക്കുകയെന്നത്. ഇത് സാധ്യമാക്കിയ തിരുവനന്തപുരത്തെ ബ്രഹ്മോസ് കേന്ദ്രത്തിന്റെ പ്രദർശനം രാജ്യത്തിന്റെ അഭിമാന നേട്ടം വിവരിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റ സ്ഥാപനങ്ങളായ കേരള കയർ കോർപറേഷൻ, കെൽട്രോൺ, കേരള സംസ്ഥാന ബാംബൂ മിഷൻ, ഹാൻടെക്സ്, ഖാദി, കശുവണ്ടി വികസന കോർപറേഷൻ, കേരള സോപ്സ്, കെഫോൺ എന്നിവയുടെ പ്രദർശനം പൊതുമേഖലാ സ്ഥാപനങ്ങളുടെ കരുത്ത് വിളിച്ചോതി.

സംസ്ഥാനത്തിന്റെ അഭിമാന സ്റ്റാർട്ടപ്പുകളായ ജെൻ റോബോട്ടിക്സ്, ഐറോവ് ടെക്നോളജീസ് എന്നിവയുടെ പ്രദർശനവും കൗതുകമുണർത്തുന്നതായിരുന്നു. മാൻഹോളുകൾ വൃത്തിയാക്കുന്നതിൽ ലോകത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ച ബാൻഡികൂട്ട് റോബോട്ടാണ് പ്രദർശനത്തിലെ താരം. 300 മീറ്റർ ആഴത്തിൽ വരെ പോയി സമുദ്രാന്തർ ഗവേഷണം നടത്താൻ സഹായിക്കുന്ന ഡ്രോണായ ഐറോവ് ട്യൂണയും പ്രദർശനത്തിന് ഒരുക്കിയിരുന്നു. യുകെ അടക്കമുള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി ഓർഡർ ലഭിച്ച കാർഷികാവശ്യ ഡ്രോൺ നിർമ്മാതാക്കളായ ഫ്യൂസലേജ് ഇനോവേഷനും ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു.

ഇന്ത്യയിലെ ഏറ്റവും ചടുലമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കേരളമാണെന്നതിന്റെ സാക്ഷ്യപത്രമാണ് പ്രദർശനത്തിലുണ്ടായിരുന്നത്. എക്സ്ആർ ഹൊറൈസൺസ്, സെൻട്രിഫ്, നാട്യ, സീപോഡ്സ്, റൂമിൻഡോ, ഡോക്കർവിഷൻ, ഭൂഷൺസ് ജൂനിയർ, ആക്രി, എൻട്രി, വെബ്സിആർഎസ്, ക്യൂഓർട്, ഡ്രിസിലിൻ, ബൻസൻ സ്റ്റുഡിയോ, പ്രോഫേസ്, ഗ്രോകോൺസ്, സിസ്റ്റ ടെക്നോളജീസ് എന്നീ സ്റ്റാർട്ടപ്പുകളാണ് സ്റ്റാളുകൾ






ഒരുക്കിയിട്ടുള്ളത്. സംസ്ഥാനത്തു നിന്നുള്ള ലോകോത്തര ആരോഗ്യ ഉത്പന്ന നിർമ്മാണ കമ്പനികളും പ്രദർശനത്തിലുണ്ട്. രക്തബാഗുകളും മറ്റ് ഉപകരണങ്ങളും നിർമ്മിക്കുന്ന അഗാപ്പെ, ഡെന്റ്കെയർ ലാബ്, നീറ്റാജെലാറ്റിൻ തുടങ്ങിയ കമ്പനികളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചു. ആസ്ട്രെക് ഇനോവേഷന്റെ രോഗീസഹായ റോബോട്ടും കാഴ്ചക്കാരെ ആകർഷിച്ചിരുന്നു.

## മൂന്ന് ലക്ഷം കോടിരൂപയുടെ ദേശീയപാതാ പദ്ധതികൾ പൂർത്തീകരിക്കും

സംസ്ഥാനത്ത് 50,000 കോടി രൂപയുടെ 31 പുതിയ ദേശീയപാതാ പദ്ധതികൾ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി നിഥിൻ ഗഡ്കരി പ്രഖ്യാപിച്ചു. ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഉദ്ഘാടന സദസ്സിനെ ഓൺലൈനിലൂടെ അഭിസംബോധന ചെയ്തു കൊണ്ടായിരുന്നു പ്രഖ്യാപനം. സംസ്ഥാനത്തെ ദേശീയപാതകൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുമെന്നും, ഇതിലൂടെ ടൂറിസം, എംഎസ്എംഇ മേഖലയ്ക്ക് കൂടുതൽ ഊർജ്ജം കൈവരുമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സർക്കാർ നിലവിൽ നടത്തുന്നതും പുതിയതുമായ മൂന്ന് ലക്ഷം കോടി രൂപയുടെ റോഡ് നിർമ്മാണ ജോലികൾ പൂർത്തിയാക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി. സംസ്ഥാന സർക്കാരുമായി ആലോചിച്ച് ഇതിനുള്ള എല്ലാ പിന്തുണയും നൽകുമെന്നും അദ്ദേഹം പറഞ്ഞു. 120 കി. മീ. ദൂരം വരുന്ന 10,840 കോടി രൂപയുടെ അഞ്ച് പാക്കേജുകളാണ് പുതുതായി അനുവദിക്കുന്നത്. ഇത് കരാർ നൽകുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. മൂന്നുമാസത്തിനുള്ളിൽ ഈ പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട്-കോഴിക്കോട് നിർദ്ദിഷ്ട ഗ്രീൻഫീൽഡ് റോഡ് സേലത്തെ വ്യവസായനഗരവുമായി മലബാർ മേഖലയെ ബന്ധിപ്പിക്കാൻ സഹായിക്കും.

അങ്കമാലിയിലെ കരയാമ്പറമ്പ് മുതൽ കുണ്ടന്നൂർ വരെയുള്ള 45 കിമി ദൈർഘ്യമുള്ള നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് പാത, തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, ഇടമൺ-കൊല്ലം പാത തുടങ്ങി 60,000 കോടിയുടെ വികസനപ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലാണ്. കേരളത്തിലെ ജനങ്ങളുടെ സംസ്ക്കാരം, ജീവിതനിലവാരം, ആരോഗ്യശ്രദ്ധ,







വിദ്യാഭ്യാസം എന്നിവയെ മന്ത്രി പ്രകീർത്തിക്കുന്നതോടൊപ്പം കേരളത്തിന്റെ ചരിത്രം ഇന്ത്യയുടെ ചരിത്രാമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## 2047 ഓടെ കേരളം ഒരു ട്രില്യൺ ഡോളർ സാമ്പത്തിക വളർച്ചയിലെത്തുമെന്ന് വിദഗ്ധർ

തന്ത്രപരമായ നിക്ഷേപങ്ങൾ, സുസ്ഥിര വികസനം, അഭിവൃദ്ധി പ്രാപിച്ച വ്യാവസായിക ആവാസവ്യവസ്ഥ എന്നിവയിലൂടെ 2047 ൽ കേരളം 88 ലക്ഷം കോടി രൂപ (1 ട്രില്യൺ ഡോളർ) സാമ്പത്തിക വളർച്ച കൈവരിക്കുമെന്ന് വിദഗ്ധർ. ദി ഇക്കണോമിക് ടൈംസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രുതിജിത്ത് കെകെ മോഡറേറ്ററായ 'കേരളം ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയിലേക്ക്' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്.

2000 മുതൽ കേരളത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) ഓരോ 6-7 വർഷത്തിലും ഇരട്ടിയായെന്ന് മുഖ്യപ്രഭാഷണം നടത്തിയ കെഎസ്ഐഡിസി ചെയർമാൻ സി. ബാലഗോപാൽ പറഞ്ഞു. വ്യവസായിക സൗഹൃദ ആവാസവ്യവസ്ഥയും തന്ത്രപരമായ നിക്ഷേപങ്ങളും സുസ്ഥിര വികസനവുമാണ് വളർച്ചയ്ക്കുള്ള പ്രധാന ഘടകങ്ങളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഇന്ത്യ 0.72 ട്രില്യൺ ഡോളറിൽ നിന്ന് 3.86 ട്രില്യൺ ഡോളറായി വളർന്നുവെന്ന് ഐബിഎസ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വികെ മാത്യൂസ് പറഞ്ഞു. സംസ്ഥാനത്തിന് 1 ട്രില്യൺ ഡോളർ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് മാത്യൂസ് ചൂണ്ടിക്കാട്ടി. ഇന്ന് ആഗോള സമ്പദ്‌വ്യവസ്ഥയുടെ 17 ശതമാനം ഡിജിറ്റൽ ആണ്. ഇത് ഏകദേശം 18 ട്രില്യൺ ഡോളർ വരും. ഇക്കാര്യത്തിൽ നമ്മൾ ഇനിയും വളരേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഒഇഎൻ ഇന്ത്യ ലിമിറ്റഡ് എംഡി പമേല അന്ന മാത്യു, ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് എംഡി അദീബ് അഹമ്മദ്, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ, ഇൻവെസ്റ്റ് ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റും ചീഫ് സ്ട്രാറ്റജി ഓഫീസറുമായ സിദ്ധാർഥ് നാരായണൻ തുടങ്ങിയവർ സംസാരിച്ചു.

## അഞ്ച് വർഷത്തിനുള്ളിൽ 30,000 കോടി നിക്ഷേപിക്കുമെന്ന് കരൺ അദാനി

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അദാനി ഗ്രൂപ്പ് കേരളത്തിലെ വിവിധ പദ്ധതികളിലായി 30,000 കോടി രൂപ നിക്ഷേപിക്കുമെന്ന് അദാനി പോർട്സ് ആൻഡ് സെസ് ലിമിറ്റഡ് (എപിഎസ്ഇഇസെഡ്) എംഡി കരൺ അദാനി പറഞ്ഞു. ആഗോള വാണിജ്യമേഖലയുടെ സുപ്രധാന സ്ഥാനത്ത് ഇന്ത്യയെ നിലനിർത്താൻ വിഴിഞ്ഞം തുറമുഖത്തിലൂടെ സാധിക്കും. 2015 ൽ വിഴിഞ്ഞം പോർട്ടിന് നേതൃത്വം നൽകിയ അദാനി ഗ്രൂപ്പ് ഇതിനകം 5,000 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ടെന്നും 20,000 കോടി രൂപയുടെ അധിക നിക്ഷേപം നടത്തുമെന്നും കരൺ അദാനി പറഞ്ഞു.



ലോകത്തിലെ ഏറ്റവും തിരക്കേറിയ കപ്പൽ പാതയിലാണ് വിഴിഞ്ഞം തുറമുഖം സ്ഥിതി ചെയ്യുന്നത്. തുറമുഖം കമ്മീഷൻ ചെയ്യുന്നതിന് മുമ്പുതന്നെ 24,000 കണ്ടെയ്നറുകൾ വഹിക്കാൻ ശേഷിയുള്ള  ഏറ്റവും വലിയ കണ്ടെയ്നർ കപ്പൽ ഇന്ത്യയിലാദ്യമായി വിഴിഞ്ഞത്ത് എത്തിയിരുന്നു. ഇതിലൂടെ തുറമുഖം ചരിത്രം സൃഷ്ടിച്ചെന്നും അദ്ദേഹം പറഞ്ഞു.  ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബെന്നത് മാത്രമല്ല, ഈ ഭാഗത്തെ ഏറ്റവും വലിയ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമാക്കി വിഴിഞ്ഞത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നതെന്നും കരൺ അദാനി അഭിപ്രായപ്പെട്ടു.

## ടൂറിസം മേഖലയിൽ വൈവിധ്യമാർന്ന നിക്ഷേപത്തിന് കേരളത്തിന് സാധ്യത

ടൂറിസം മേഖലയിൽ വൈവിധ്യമാർന്ന നിക്ഷേപത്തിന് കേരളത്തിന് സാധ്യതയുണ്ടെന്ന് വിദഗ്ധർ.  ആഗോള നിക്ഷേപക ഉച്ചകോടിയിൽ 'സുസ്ഥിര ടൂറിസത്തിന്റെയും ഉത്തരവാദിത്ത വ്യവസായത്തിന്റെയും കേന്ദ്രം' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്.

വൈവിധ്യമാണ് കേരളത്തിന്റെ ടൂറിസത്തിന്റെ കരുത്തെന്നും ചില മേഖലകൾക്ക് ഊന്നൽ നൽകുന്നതിനു പകരം വ്യത്യസ്ത മേഖലകളിലെ നിക്ഷേപം ആകർഷിക്കാൻ ശ്രമിക്കണമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. ടൂറിസം മേഖലയിൽ ക്രമാനുഗതമായ വളർച്ച നേടാനും നിക്ഷേപം ആകർഷിക്കാനും സംസ്ഥാനത്തിന് സാധിക്കുന്നുണ്ട്. കേരളം എന്ന അന്താരാഷ്ട്ര ബ്രാൻഡിന്റെ മൂല്യത്തിലാണ് ഇനി ലക്ഷ്യം വയ്ക്കേണ്ടതെന്നും ചർച്ച ഉയർന്നുവന്നു.  കഴിഞ്ഞ 30 വർഷമായി ടൂറിസം മേഖലയിൽ നേടിയ ഘട്ടം ഘട്ടമായുള്ള വളർച്ചയിലൂടെയാണ് നിക്ഷേപ സൗഹൃദ ഡെസ്റ്റിനേഷനായി കേരളം മാറിയതെന്ന് മുഖ്യ പ്രഭാഷണം നടത്തിയ കേന്ദ്ര ടൂറിസം അഡീഷണൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു. ആഗോള തലത്തിലുള്ള കേരള ടൂറിസത്തിന്റെ ബ്രാൻഡ് മൂല്യം നില നിർത്താനും കൂടുതൽ നിക്ഷേപം ആകർഷിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും, ഹരിത ഡെസ്റ്റിനേഷൻ എന്നത് കേരളത്തിന്റെ പ്രധാന ആകർഷണമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ദ്രവീഡിയൻ ട്രെയൽസ് ഹോളീഡേയ്സ് മാനേജിംഗ് ഡയറക്ടർ എസ്.സ്വാമിനാഥൻ മോഡറേറ്ററായ ചർച്ചയിൽ കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർമാനും മുൻ ചീഫ് സെക്രട്ടറിയുമായ ബി.വേണു, ഐ.സി.ആർ.ടി. ഗ്ലോബൽ ഡയറക്ടർ മനീഷ പാണ്ഡെ, ഐ.എച്ച്.സി.എൽ കേരള ഏരിയ ഡയറക്ടർ ഓപ്പറേഷൻസ് ലളിത് വിശ്വകുമാർ എന്നിവർ പങ്കെടുത്തു.

## എയ്റോസ്പേസ്, ഡിഫൻസ് മേഖലകളുടെ വികസനം കേരളത്തിന് ഗുണകരം

മികച്ച ആവാസവ്യവസ്ഥയുള്ള കേരളത്തിന് എയ്റോസ്പേസ്, വ്യോമയാനം, പ്രതിരോധ ഉത്പാദനം എന്നീ മേഖലകളിൽ പരമാവധി നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വ്യോമയാന-പ്രതിരോധ മേഖലയിലെ സാധ്യതകളും പങ്കാളിത്തവും എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. രാജ്യരക്ഷയ്ക്ക് ആവശ്യമായ ഈ സുപ്രധാന മേഖലകളിൽ തദ്ദേശീയ വികസന പദ്ധതികൾക്ക് കരുത്ത് പകരാൻ പൊതുമേഖല, വ്യവസായം, സ്റ്റാർട്ടപ്പുകൾ എന്നിവ ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

വരും വർഷങ്ങളിൽ രാജ്യത്തിന്റെ ബഹിരാകാശ സമ്പദ്വ്യവസ്ഥ വൻതോതിൽ വളരുമെന്ന് ചർച്ചയിൽ മോഡറേറ്ററായിരുന്ന കെ-സ്പേസ് സിഇഒ ജി. ലെവിൻ പറഞ്ഞു. ഐഎസ്ആർഒ, ഐഐഎസ്ടി, ബ്രഹ്മോസ് എയ്റോസ്പേസ് പോലുള്ള സ്ഥാപനങ്ങൾ ഉള്ളതിനാൽ തലസ്ഥാന നഗരത്തിന് വലിയ നേട്ടമുണ്ടാക്കാൻ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തദ്ദേശീയ ഉത്പന്നങ്ങൾ ഉപയോഗിച്ച് രാജ്യത്ത് ബൃഹത്തായ കപ്പൽ നിർമ്മാണ പദ്ധതികൾ നടന്ന് വരികയാണ്, ഇത് പ്രാദേശിക വ്യവസായ



ങ്ങൾക്ക് മികച്ച അവസരങ്ങൾ പ്രദാനം ചെയ്യുമെന്ന് നാവികസേന അസി. ചീഫ് ഓഫ് മെറ്റീരിയൽ (ഐടി ആൻഡ് എസ്) റിയർ അഡ്മിറൽ ശരത് ആശിർ വാദ് പറഞ്ഞു.

അനന്ത് ടെക്നോളജീസ് ലിമിറ്റഡ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഡോ. പാവുലൂരി സുബ്ബറാവു, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (ബിഇഎൽ) ഡയറക്ടർ രജനീഷ് ശർമ, ഭാരത് ഡൈനാമിക്സ് ലിമിറ്റഡ് ചെയർമാനും എംഡിയുമായ കോമഡോർ എ മാധവറാവു, മഹീന്ദ്ര ഡിഫൻസ് സിസ്റ്റംസ് ലിമിറ്റഡ് ഹോംലാൻഡ് ആൻഡ് സൈബർ സെക്യൂരിറ്റി സിഇഒ ജസ്ബീർ സിംഗ് സോളങ്കി, നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക്കൽ ലാബ് (എൻപിഒഎൽ) ഡയറക്ടർ ഡോ. ദുവ്വുരി ശേഷഗിരി, ജർമ്മനിയിലെ എലാക് സോണാർ എംഡി ബേണ്ട് സുകായ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ലോകോത്തര വ്യവസായങ്ങൾ ആരംഭിക്കാൻ കേരളത്തിലെ നിക്ഷേപകർ

ലോകോത്തര വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാൻ ഇവിടുത്തെ നിക്ഷേപകർ തയ്യാറാണെന്ന് സിന്തൈറ്റ് ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. വിജു ജേക്കബ് ചൂണ്ടിക്കാട്ടി. '2047- കേരളം മുന്നോട്ടുള്ള പാത' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടിസ്ഥാന സൗകര്യവികസനത്തിന് പൊതു-സ്വകാര്യ പങ്കാളിത്തം വ്യാപകമായി പ്രോത്സാഹിപ്പിക്കണമെന്ന് സിഐഐ കേരള ഘടകം ചെയർമാനും മഞ്ഞില ഫുഡ് ടെക് ഡയറക്ടറുമായ വിനോദ് മഞ്ഞില അഭിപ്രായപ്പെട്ടു. ഉൾനാടൻ ജലഗതാഗതം വലിയ സാധ്യതകളുള്ള മേഖലയാണ്. സ്വകാര്യ നിക്ഷേപം വരുന്നതിനോടൊപ്പം അടിസ്ഥാന സൗകര്യവികസനത്തിൽ കുതിച്ചു ചാട്ടമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

അഗാപ്പെ ഡയഗ്നോസ്റ്റിക്സ് എംഡി തോമസ് ജോൺ, ധനകാര്യ അഡി. ചീഫ് സെക്രട്ടറി എ ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കെഎസ്ഐഡിസി ചെയർമാൻ സി ബാലഗോപാൽ ചർച്ചയിൽ മോഡറേറ്ററായി.

## ജീവിക്കാനും ജോലി ചെയ്യാനും കേരളം മികച്ചയിടം

മികച്ച രീതിയിൽ ജീവിക്കാനും ജോലിയെടുക്കാനും സാധിക്കുന്ന സ്ഥലമാണ് കേരളമെന്ന് 'സ്റ്റേറ്റ് ഓഫ് ദി ഐടി ഇൻഡസ്ട്രി' എന്ന സെഷനിൽ




മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് ഐബിഎസ് സോഫ്റ്റ്‌വെയറിന്റെ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി.കെ. മാത്യൂസ് പറഞ്ഞു. സാക്ഷരത, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി കേരളം 13 മടങ്ങ് വളർന്നുവെന്നും, കേരളത്തിലേക്കെത്തുന്ന കമ്പനികൾക്ക് ഇത്തരം ഘടകങ്ങൾ അനുയോജ്യമാണെന്നും അദ്ദേഹം കൂട്ടിചേർത്തു.

ഇവൈ ഗ്ലോബൽ ഡെലിവറി സർവീസസിലെ റിച്ചാർഡ് ആന്റണി മോഡറേറ്റർ ആയ ചർച്ചയിൽ മക്കിന്സി ആൻഡ് കമ്പനി സിഇഒ ബോബ് സ്റ്റെർൺഫെൽസ്, ബ്ലാക്ക്സ്റ്റോൺ പ്രൈവറ്റ് ഇക്വിറ്റിയുടെ സീനിയർ മാനേജിംഗ് ഡയറക്ടർ മുകേഷ് മേത്ത, സണ്ടെക്കിന്റെ സ്ഥാപകനും സിഇഒയുമായ നന്ദകുമാർ, സംസ്ഥാന ഇലക്ട്രോണിക്സ്, ഐടി വകുപ്പ് സെക്രട്ടറി രത്തൻ യു. കേൽക്കർ, ബോഷ് ഗ്ലോബൽ സോഫ്റ്റ്‌വെയർ ടെക്നോളജീസിലെ നവോദ് നെരോത്ത് മോഹൻ എന്നീ പ്രമുഖർ പങ്കെടുത്തു.

## ഭക്ഷ്യസംസ്ക്കരണം: കേരളത്തിന്റെ സാധ്യതകളും, വെല്ലുവിളികളും

ഭക്ഷ്യസംസ്ക്കരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ നൂതനത്വത്തിനും സുസ്ഥിരതയ്ക്കും തയ്യാറായാൽ കേരളത്തിനു അനന്തമായ സാധ്യതകൾക്കൊപ്പം വെല്ലുവിളികളും ഏറെ ഉണ്ടെന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിനോടനുബന്ധിച്ചു നടത്തിയ സെമിനാറിൽ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ജൈവവൈവിധ്യം, 3000 വർഷത്തെ പാരമ്പര്യം, ലോകമെമ്പാടുമുള്ള മലയാളി സാന്നിധ്യം തുടങ്ങിയവയാണ് അനുകൂല ഘടകങ്ങൾ.




അതേസമയം, കീടനാശിനികളുടെ അമിത ഉപയോഗം, കാലാവസ്ഥാ വ്യതിയാനം, വിദഗ്ദ്ധതൊഴിലാളികളുടെ അഭാവം തുടങ്ങിയവയാണ് വെല്ലുവിളികൾ.

ഉപഭോക്താക്കളുടെ വിശ്വാസം പ്രധാനമാണെന്ന് മുഖ്യപ്രസംഗം നടത്തിയ ഓർക്ല സിഇഒ സഞ്ജയ് ശർമ്മ പറഞ്ഞു. ഗുണനിലവാരമില്ലായ്മ, കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കളുടെ ലഭ്യത, ഉപഭോക്താക്കളുടെ മാറുന്ന താൽപര്യങ്ങൾ തുടങ്ങിയ ഘടകങ്ങൾ തടസ്സങ്ങളും വെല്ലുവിളികളുമാണ്. കർഷകരുടെ ഭാഗത്തുനിന്നു മികച്ച ഉദ്യമങ്ങൾ ഉണ്ടാകണം. ഭക്ഷ്യ സംസ്കരണരംഗം അതനുസരിച്ചു പ്രവർത്തിക്കുകയും വേണം. വിതരണ ശൃംഖലയുടെ വിപുലീകരണവും പ്രധാനമാണെന്ന് സഞ്ജയ് ശർമ്മ പറഞ്ഞു.

മാൻ ഗ്രൂപ്പ് പ്രസിഡന്റ് ജോൺ മാൻ, എ ഡി ബി ഇന്ത്യൻ മിഷൻ കൺട്രി ഡയറക്ടർ മിയോ ഓക, സിന്തൈറ്റ് എം ഡി അജു ജേക്കബ്, ആസ്ട്രേലിയൻ കോൺസുലേറ്റിലെ കൃഷി വിഭാഗത്തിലെ കൗൺസിലർ കിരൺ കരാമിൽ, സിഐഐ കേരള ചെയർമാനും മഞ്ഞിലാസ് ഫുഡ് ടെക് മേധാവിയുമായ വിനോദ് മഞ്ഞില എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ഹരിതോർജ മേഖലയിൽ കേരളത്തിന് വലിയ നിക്ഷേപ സാധ്യത

ഹരിതോർജ മേഖലയിലെ ശക്തികേന്ദ്രമായി രാജ്യത്ത് ഉയർന്നു വരാൻ കേരളത്തിന് സാധിക്കുമെന്ന് 'എംപവറിംഗ് കേരളാസ് ഫ്യൂച്ചർ: അൺലീഷിംഗ് ഓപ്പർച്യൂണിറ്റീസ് ഇൻ ക്ലീൻ ആന്റ് സസ്റ്റെയ്നബിൾ എനർജി' എന്ന സെഷനിൽ സംസാരിച്ചുകൊണ്ട് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഹരിത ഊർജത്തിലേക്കുള്ള സുസ്ഥിര പരിവർത്തനത്തിലൂടെ പ്രാദേശിക സമൂഹങ്ങൾക്കും സാമ്പത്തിക-പാരിസ്ഥിതിക നേട്ടങ്ങൾ ലഭ്യമാകുമെന്നും അവർ കൂട്ടിച്ചേർത്തു.

ഹരിത ഊർജ ഉപയോഗം വർധിപ്പിക്കുന്നതിന് ഉത്പാദനം, പ്രസരണം, വിതരണ ഘട്ടങ്ങളിലെ ചെലവ് കുറയ്ക്കേണ്ടത് പ്രധാനമാണെന്ന് സെഷനിൽ മുഖ്യപ്രഭാഷണം നടത്തിയ ടാറ്റ പവർ റിന്യൂവബിൾ മൈക്രോഗ്രിഡ് ലിമിറ്റഡ് സിഇഒ മനോജ് ഗുപ്ത പറഞ്ഞു. ഹരിത ഊർജ ഉപയോഗം വർദ്ധിപ്പിക്കുന്നതിൽ ഗ്രാമീണ ജനതയ്ക്ക് നിർണായക പങ്ക് വഹിക്കാനാകും. അതിനാൽ സർക്കാർ നയങ്ങളും സ്വകാര്യ പങ്കാളിത്തവും വികേന്ദ്രീകൃത സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഇത് ഗ്രാമീണ സമൂഹങ്ങളുടെ ഉത്പന്നങ്ങൾക്ക് മൂല്യം വർദ്ധിപ്പിക്കുകയും പരിസ്ഥിതിക്ക് മേലുള്ള സമ്മർദ്ദം കുറയ്ക്കുകയും ചെയ്യും. ജൈവ, കാർഷിക മാലിന്യങ്ങൾ ഹരിത ഊർജത്തിന്റെ സ്രോതസ്സുകളാകാമെന്ന് അദ്ദേഹം പറഞ്ഞു.

ഫിനാൻഷ്യൽ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ കെ ജി നരേന്ദ്രനാഥ്, എനർജി മാനേജ്മെന്റ് സെന്റർ ലിമിറ്റഡ് ഡയറക്ടർ ഡോ. ആർ. ഹരികുമാർ, സീൽ ആന്റ് ടെറെ ഇന്ത്യയുടെ എംഡിയും സിഇഒയുമായ ദീപക് ഉഷാദേവി, ഓസ്ട്രേലിയൻ ഹൈക്കമ്മീഷനിലെ ഇൻഡസ്ട്രി, സയൻസ് ആൻഡ് റിസോഴ്സസ് കൗൺസിലർ സഞ്ജീവ് ഡി സിൽവ, ആർഇസി ലിമിറ്റഡ് ഡയറക്ടർ നാരായണ തിരുപ്പതി, യുഎഇയിലെ ഷറഫ് ഗ്രൂപ്പ് വൈസ് ചെയർമാൻ മേജർ ജനറൽ ഷറഫുദ്ദീൻ ഷറഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.


Min: Fast-track mechanism periodic review on EoIs

TIMES NEWS NETWORK

Kochi: The state secured expressions of interest (EoIs) for investments worth over Rs 1.52 lakh crore (Rs 1,52,905.67 crore) at the two-day Invest Kerala Global Summit (IKGS 2025), which concluded here on Saturday. A total of 374

374 companies have submitted expressions of interest for investments worth Rs 1,52,905.67 crore, said industries minister P Rajeeve

the govt would introduce a fast-track mechanism to ensure that investments based on the EoIs materialise in a time-bound manner.

INVEST KERALA GLOBAL SUMMIT FEB 21-22, 2025 | KOCHI

RELATED REPORTS: P 5

'Vizhinjam port can propel State towards becoming a new Singapore'

Lulu, Sharaf Groups to invest ₹5,000 cr. each

State plans to set up emerging tech hub

Kerala has great potential in clean energy, say experts

BUSINESS

INVEST KERALA

5000 കോടി

അവസരങ്ങളുടെ അക്ഷയ ഖനി

## ഇൻവെസ്റ്റ് കേരള ഉച്ചകോടിയിലൂടെ സംസ്ഥാനത്തേക്ക് 1.52 ലക്ഷം കോടി രൂപയുടെ നിക്ഷേപം

ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിലൂടെ ഇന്ത്യയിലെയും വിദേശത്തെയും 374 കമ്പനികളിൽ നിന്നായി കേരളത്തിന് 1,52,905.67 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം. ഈ കമ്പനികളിൽ 66 എണ്ണം 500 കോടി രൂപയ്ക്കു മുകളിൽ സംസ്ഥാനത്ത് നിക്ഷേപം നടത്തും. ഫെബ്രുവരി 22 ന് നടന്ന ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ വ്യവസായ നിയമ കയർ മന്ത്രി പി രാജീവ് ആണ് ഇക്കാര്യം പ്രഖ്യാപിച്ചത്. 24 ഐടി കമ്പനികൾ കേരളത്തിൽ പ്രവർത്തനം വിപുലീകരിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. ഇതിലൂടെ 8500 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുക. 60,000 തൊഴിലവസരവും ഉണ്ടാകും.

യാഥാർത്ഥ്യബോധമുള്ള നിക്ഷേപ നിർദ്ദേശങ്ങളാണ് സർക്കാർ തേടുന്നതെന്നും, പ്ലാന്റേഷൻ ഭൂമി വിനിയോഗിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കുമെന്നും, ഭൂനിയമങ്ങളിൽ നിന്ന് ഇളവുകൾ നൽകുന്നതിന് മന്ത്രിതല സമിതി രൂപീകരിക്കുമെന്നും, ഉച്ചകോടിയിൽ നിക്ഷേപകർ ഒപ്പിടുന്ന ഓരോ താൽപര്യപത്രത്തിനും സർക്കാർ ഫാസ്റ്റ് ട്രാക്ക് സംവിധാനം സ്ഥാപിക്കുമെന്നും സമാപന സമ്മേളനത്തിൽ മന്ത്രി അഭിപ്രായപ്പെട്ടു.

നിക്ഷേപക സമൂഹത്തിന് ആത്മവിശ്വാസം നൽകാനും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപവും തൊഴിലവസരവും സാധ്യമാക്കുകയാണ് ഇൻവെസ്റ്റ് കേരള ഉച്ചകോടിയിലൂടെ ലക്ഷ്യമിട്ടതെന്ന് മന്ത്രി വ്യക്തമാക്കി. ഈ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിയെന്നാണ് സംസ്ഥാനത്തേക്കുള്ള നിക്ഷേപത്തിന്റെ ഒഴുക്കിലൂടെ വെളിപ്പെടുന്നത്. കേരളത്തിൽ വ്യവസായ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാണ്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ സംരംഭം ആരംഭിക്കാനാകും. സ്ഥലലഭ്യത ഉൾപ്പെടെ യാതൊരു പ്രശ്നങ്ങളും സംരംഭകർക്ക് നേരിടേണ്ടി വരില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തതിനൊപ്പം ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി മൂന്നു വർഷത്തിലൊരിക്കൽ നടത്തുമെന്നും മന്ത്രി പ്രഖ്യാപിച്ചു.

സംസ്ഥാന സർക്കാരിന്റെ വ്യവസായ അനുകൂല നയങ്ങളും നയങ്ങളിലെ സ്ഥിരതയും നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിന് ഗുണം ചെയ്യുന്നുവെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി കേരളത്തിൽ നിക്ഷേപം നടത്താൻ ആഗോള സംരംഭകർക്ക് ആത്മവിശ്വാസം വർധിപ്പിച്ചെന്നും അദ്ദേഹം വ്യക്തമാക്കി.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് സ്വാഗതവും കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ




നന്ദിയും പറഞ്ഞ ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, ദക്ഷിണ കൊറിയ കോൺസൽ ജനറൽ ചാങ്-നിം കിം, കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ.വി തോമസ്, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, ഭാരത് ബയോടെക് ഇന്റർനാഷണലിന്റെ സഹസ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ. കൃഷ്ണ എല്ല, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ അഷ്റഫ് അലി, ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് എന്നിവരും പങ്കെടുത്തു.

ദ്വിദിന ഉച്ചകോടിയിൽ ആഗോള വ്യവസായ പ്രമുഖർ, ആസൂത്രകർ, നയരൂപകർത്താക്കൾ, സംരംഭകർ, നിക്ഷേപകർ, തുടങ്ങിയവരുൾപ്പെടെ 3,000 പ്രതിനിധികൾ പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ അടക്കം 26 രാജ്യങ്ങളുടെ പങ്കാളിത്തമുണ്ടായി. ജർമനി, വിയറ്റ്നാം, നോർവേ, യുഎഇ, ഫ്രാൻസ്, മലേഷ്യ എന്നിവയുൾപ്പെടെ ആറ് രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപ അവസരങ്ങൾ പര്യവേഷണം ചെയ്ത രാജ്യ കേന്ദ്രീകൃത സെഷനുകളും നടന്നു. 30 പ്രത്യേക സെഷനുകളാണ് ഉച്ചകോടിയിൽ ഉണ്ടായിരുന്നത്. കേരളത്തിന്റെ വ്യാവസായിക വിജയകഥകൾ, പൊതുമേഖലാ സംരംഭങ്ങൾ, പരമ്പരാഗത മേഖലകളിൽ നിന്നുള്ള കരകൗശല വസ്തുക്കൾ എന്നിവയുൾപ്പടെ 100-ലധികം സംരംഭങ്ങളുടെ ആകർഷകമായ പ്രദർശനവും നടന്നു.

ഇന്നോവേഷനും, നവീകരണത്തിനും, നിക്ഷേപത്തിനുമുള്ള ആഗോള കേന്ദ്രമായി മാറാനുള്ള കേരളത്തിന്റെ ശ്രമത്തിന്റെ ഒരു മൂലക്കല്ലായി ആഗോള നിക്ഷേപക സംഗമം 2025 മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അഭിമാനകരമായ ഇവന്റിൽ എക്സിബിഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, വ്യവസായ പ്രമുഖരുമായുള്ള ഫയർസൈഡ് ചാറ്റുകൾ, മറ്റ് നിരവധി ആകർഷകമായ പ്രവർത്തനങ്ങൾ എന്നിവയ്ക്കൊപ്പം 22-ലധികം സെഷനുകളും അവതരിപ്പിക്കപ്പെട്ടു എന്നതാണ് പ്രത്യേകത. ഏകദേശം 3,000 പ്രതിനിധികളും പ്രമുഖ ആഗോള വ്യക്തിത്വങ്ങളും പങ്കെടുത്ത ഉച്ചകോടി സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒരു പ്രധാന വേദിയായി മാറി.

ഉത്തരവാദിത്തനിക്ഷേപങ്ങൾക്ക് കേരളം എങ്ങനെ അനുയോജ്യമായ സ്ഥലമാകുമെന്ന് പര്യവേക്ഷണം ചെയ്യാനുള്ള സമാനതകളില്ലാത്ത അവസരമാണ് ഈ ഉച്ചകോടിയിലൂടെ സംരംഭകർക്ക് തുറന്നു നൽകപ്പെട്ടത്. ഇതിലൂടെ എല്ലാ പങ്കാളികൾക്കും സംസ്ഥാനത്തിന്റെ ഊർജ്ജസ്വലസ്വലവും, അപാരവുമായ സാധ്യതകൾ അൺലോക്ക് ചെയ്യാനും, വരും തലമുറകൾക്ക് ശാശ്വതവും ഫലപ്രദവുമായ മാറ്റം സൃഷ്ടിക്കാനും കഴിയുമെന്ന് ഉറച്ച് വിശ്വസിക്കുന്നു.




# സ്പീസിയ: ഒരു വിജയ ഗാഥ
## പ്രകൃതി സൗഹൃദ കാർഷികതയുടെ കുതിപ്പ്

**ഇടുക്കിയുടെ** മലയോര പച്ചപ്പിൽ നിന്നുള്ള കാർഷിക തനിമയും സമൃദ്ധിയും ലോകമെമ്പാടും എത്തിക്കുന്ന ഒരു വിശ്വാസ നാമമാണ് സ്പീസിയ. കർഷക കൂട്ടായ്മയുടെ ശക്തിയും പരമ്പരാഗത കൃഷിരീതികളുടെ നവീനനിഷ്പത്തിയും അധിഷ്ഠിതമാണ് ഈ കൃഷി ഉൽപ്പാദക കമ്പനി.

15 ലക്ഷം നിക്ഷേപത്തോടെ 2022 മെയ് 25-ന് ആരംഭിച്ച ഈ സംരംഭം, പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹിക ഉന്നമനത്തിനും മാർഗം തീർക്കുകയാണ്. ഇപ്പോൾ സ്ഥാപനത്തിന്റെ ആസ്തി 50 ലക്ഷമായി ഉയർന്നിട്ടുണ്ട്. സ്ഥാപനത്തിന് 60 സെന്റ് സ്ഥലം സ്വന്തമാക്കുവാനും സാധിച്ചിട്ടുണ്ട്. ഏകദേശം 11 ലക്ഷം രൂപ വാർഷിക വിപണനം നടത്തുന്ന ഈ സ്ഥാപനത്തിന് വ്യവസായ വകുപ്പിന്റെ PMFME പദ്ധതിപ്രകാരം 35% സബ്സിഡി ലഭിച്ചിട്ടുള്ളതാണ്. Sr. Chaithanya CMC ചെയർമാൻ ആയിട്ടുള്ള ഈ സ്ഥാപനം 5 സ്ത്രീകളും 5 പുരുഷന്മാരും ഉൾപ്പെടുന്ന പത്തംഗ ഡയറക്ടർ ബോർഡിന്റെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. 30 ജീവനക്കാരും, 53 Farmer Interest Group (FIG)കളുടെ ശക്തമായ പങ്കാളിത്തത്തോടെയാണ് സ്പീസിയയുടെ മുന്നോട്ടുള്ള കുതിപ്പ്. സ്പിസിയയുടെ പ്രധാന ഓഫീസ് ഇടുക്കി ജില്ലയിലെ പാറത്തോട് ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു.

സ്പീസിയയുടെ ദർശനം കർഷകരുടെ കുടുംബങ്ങൾക്കായി സുസ്ഥിരവികസനം നേടുക എന്നതാണ്. കാർഷിക മേഖലയും അനുബന്ധ മേഖലകളും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഉത്പാദനം മുതൽ വിപണനം വരെ എല്ലാ ഘട്ടങ്ങളിലും കർഷകരെ പ്രാപ്തരാക്കുക എന്നതാണ് ഇവിടത്തെ പ്രഥമലക്ഷ്യം. ഇടനിലക്കാരുടെ ഇടപെടലുകൾ ഇല്ലാതെ, കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉത്തമമായ വില ലഭിക്കുന്നതിന് ഉപദേശം നൽകുകയും, പ്രചോദനം നൽകുകയും ചെയ്യുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള പരിശീലനവും അവബോധവും കർഷകർക്ക് നൽകുന്നതിൽ സ്പിസിയ മുൻപന്തിയിലാണ്.

സ്പീസിയയുടെ പ്രവർത്തനങ്ങൾ ഒരു സമഗ്ര ദൃഷ്ടികോണിലാണ് സഞ്ചരിക്കുന്നത്. പഞ്ചായത്ത് തലത്തിൽ കർഷകരെ കൂട്ടായ്മകളായി സംഘടിപ്പിക്കുകയും അവരെ പരസ്പരം ബന്ധിപ്പിച്ച് ഒരു ശക്തമായ പ്രാതിനിധ്യം സൃഷ്ടിക്കുകയും ചെയ്യുന്നു. കർഷക ഉത്പാദക സംഘങ്ങളുടെ രൂപീകരണത്തിലൂടെ, കൃഷിയുടെ ഉൽപാദനശേഷിയും സംരംഭകത്വ സാധ്യതകളും ഉയർത്തി ജനജീവിതത്തിലെ മാറ്റത്തിന് കാരണമായ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുന്നത്. വിളകളുടെ തനതായ രീതികളിൽ അധിഷ്ഠിതമായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിളപദ്ധതികൾ രൂപീകരിക്കുകയും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വിപണനശേഷിയും കൂട്ടുകയും ചെയ്യുന്നു.

സ്പീസിയയുടെ ഉൽപ്പന്ന ശ്രേണിയിൽ വൈവിധ്യം സവിശേഷമാണ്. ചക്ക ഉൽപ്പന്നങ്ങൾ (ചക്കപ്പൊടി, ചക്കക്കുരു അവുലോസ് പൊടി, ചക്ക ഉണക്കിയത്, ചക്ക ദോശപ്പൊടി, ചക്ക അപ്പം പൊടി, ചക്കക്കുരു പായസം മിക്സ്, ചക്ക പുട്ടു പൊടി, ചക്കപ്പഴം ഹൽവ, ജാക്ക്ഫ്രൂട്ട് കുക്കീസ്), കപ്പ ഉല്പ്പന്നങ്ങൾ (അവൽ കപ്പ, ഉണക്ക കപ്പ, കപ്പ പുട്ടു പൊടി) മസാല പൊടികൾ, ജാതിക്ക ഉൽപ്പന്നങ്ങൾ (ജാതിക്ക സ്ക്വാഷ്, ജാതിക്ക കാൻഡി, ജാതിക്ക ജാം, ജാതിക്ക് സ്വീറ്റി), വിവിധയിനം സുഗന്ധ വ്യഞ്ജനങ്ങൾ, വിവിധയിനം അച്ചാറുകൾ, മുതലായവ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കൊണ്ടും ഔഷധ ഗുണങ്ങളാലും സമ്പന്നമാണ്. ഇവയൊക്കെ ആരോഗ്യത്തിന് അനുയോജ്യമായ രീതിയിൽ, പ്രകൃതി രീതികളോട് പൊരുത്തപ്പെടുകയും ചെയ്യുന്നുണ്ട്.

മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം സ്പീസിയയുടെ മറ്റൊരു സവിശേഷതയാണ്. ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാങ്കേതിക വിദ്യകളുടെയും നൂതന പരിപ്രേക്ഷ്യങ്ങളുടെയും ഉപയോഗം കാര്യക്ഷമമാക്കുന്നു. പാക്കിംഗിനും വിപണനത്തിനും പ്രത്യേക പരിഗണന നൽകുന്ന സ്പീസിയ, ഉപഭോക്താക്കളുടെ വിശ്വാസവും ഉൽപ്പന്നങ്ങളുടെ ആകർഷണീയതയും വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു. കേരളത്തിനകത്തും പുറത്തുമായി നിരവധി ഉപഭോക്താക്കൾ








സ്പീസിയയുടെ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലിയിൽ സ്പീസിയയുടെ outlet പ്രവർത്തിച്ചുവരുന്നു.

കൃഷി ഉല്പന്ന പ്രോസസ്സിംഗിന്റെ കാര്യത്തിൽ സ്പീസിയയുടെ പ്രവർത്തനം പ്രഥമസ്ഥാനത്താണ്. വിളകളുടെ വൃത്തിയാക്കൽ, ധാന്യങ്ങളുടെ മില്ലിംഗ്, പാചകം, ഉണക്കൽ, മിക്സിംഗ്, പാക്കിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ സൂക്ഷ്മ പരിപാലനത്തോടെ നടത്തി ഉൽപ്പന്നങ്ങളുടെ നിത്യനിലവാരവും ശേഖരണശേഷിയും വർദ്ധിപ്പിക്കുന്നു. കൂടാതെ, ഗുണനിലവാര പരിശോധന, സംരക്ഷണ മാർഗങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സാധ്യതകൾ ഒരുക്കുന്നു.

സ്പീസിയയുടെ സുസ്ഥിര കൃഷിരീതി, മണ്ണിന്റെ ആരോഗ്യവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുന്നു. ഓർഗാനിക് കൃഷിയുടെ നാനാത്വങ്ങളിലൂടെയും നൂതന സാങ്കേതിക വിദ്യകളുടെ സജീവ ഉപയോഗത്തിലൂടെയും കർഷകരും, ഉപഭോക്താക്കളും പരസ്പരം പ്രയോജനം നേടുന്ന ഒരു പുനഃരുദ്ധാരണത്തിനാണ് ഇവിടം സാക്ഷ്യം വഹിക്കുന്നത്.

സ്പീസിയയുടെ മുന്നോട്ടുള്ള യാത്ര ഗ്രാമീണ സമ്പത്തിന്റെയും കാർഷിക സംരംഭകത്വത്തിന്റെയും ഉന്നമനത്തിലേക്കാണ്. പ്രാദേശിക തലത്തിൽ നിന്നും അന്താരാഷ്ട്ര തലത്തിലേക്കുള്ള മാർഗ്ഗവും മനുഷ്യകുലത്തിന്റെയും പ്രകൃതിയുടെയും ക്ഷേമത്തിനുള്ള പ്രതിജ്ഞയും ഇവിടം ഉയർത്തിപ്പിടിക്കുന്നു. 'ഗ്രാമീണ സമൃദ്ധിയും പ്രകൃതി സൗഹൃദവും ആവട്ടെ നമ്മുടെ കൃഷിയുടെ സാരഥ്യം' എന്ന സന്ദേശത്തോടെ സ്പീസിയ കേരളത്തിന്റെ കാർഷിക ഭാവിയുടെ കരുത്തായി മാറുകയാണ്.



Gulf Bake
مخبز خليج
TRUSTED TREAT
നല്ലതേ തരൂ...
GULF BAKE FOODS INDIA L. L. P.
Govt. Industrial Growth Center,Road - D, Plot No: B-12,
KSIDC Kinalur, Panangad, Balussery PO - 673 612
Customer Care
+91 916 95 44443 | gulfbakefoodsindia@gmail.com
www.gulfbake.com




KRISHNA
കൃഷ്ണ
ഓയിൽ ഫ്ലോർമിൽ
എടക്കരമുക്ക്, ചേളന്നൂർ, കോഴിക്കോട്
81297174833, 9072968445
Steam made പുട്ടുപൊടി
Steam made ഗോതമ്പു പൊടി
തവിടോട് കൂടിയ അരി (Bran rice)
വെളിച്ചെണ്ണ (unrefined)
എള്ളെണ്ണ (ചക്കിലാട്ടിയത്)
(Sulphur free)
fssai 11318011000800




High Quality Latex From
NAP LATEX
S&S TRADING COMPANY
Processors of 60% Centrifuged Latex
Reg. Office:
Door No. 10/38 F, Sreedhar Plaza
West Kadungalloor, Aluva - 683 110
Factory:
Door No.14/320, NAPLATEX
Eangapuzha, Perumpally P.O.
Calicut, Kerala - 673 586
CONTACT: 9539068720



ലോറൻസ് മാത്യു




# ഡീപ് സീക്ക് എ ഐ ലോകത്തെ പുതിയ താരോദയം

**അടുത്തിടെ** വാർത്തകളിൽ നിറഞ്ഞതും ടെക് ലോകം മാത്രമല്ല സാധാരണക്കാർ വരെ ഏറെ ആകാക്ഷയോടെ ഉറ്റു നോക്കിയ ഒന്നാണ് ചൈന ഡീപ്പ് സീക്ക് എന്നയൊരു ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ആപ്ലിക്കേഷൻ ഡവലപ് ചെയ്തുവെന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജെൻസിൽ ആധിപത്യം പുലർത്തിയിരുന്ന അമേരിക്കൻ കമ്പനികൾക്ക് ഇത് തിരിച്ചടിയായതും ഓഹരി വിപണിയിൽ ഇത് പ്രതികൂലമായി ഭവിച്ചതും നാം കണ്ടതാണ്. കഴിഞ്ഞ ആഴ്ച പുറത്തിറക്കിയ ഡീപ്സീക്കിന്റെ സൗജന്യ സോഫ്റ്റ്‌വെയർ യുഎസിൽ ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട സൗജന്യ ആപ്പ് എന്ന നിലയിൽ ചാറ്റ് ജിപിടിയെ മറികടന്നിരുന്നു. ചാറ്റ് ജിപിറ്റിക്ക് ഇതൊരു തിരിച്ചടിയാകുമോയെന്നയൊരു ആശങ്ക ഇപ്പോഴെ നിലവിലുണ്ട്.

## എന്താണ് ഡീപ് സീക്ക്

ഓപ്പൺ എ.ഐയുടെ ചാറ്റ് ജിപിടിക്ക് ഒത്ത എതിരാളിയായി ചൈന പുറത്തിറക്കിയ ചാറ്റ് ബോട്ടാണ് ഡീപ് സീക്ക് (Deep seek). ടെക് സ്ഥാപനങ്ങളുടെ പറുദീസയായ കിഴക്കൻ ചൈനീസ്

നഗരമായ ഹാങ്ഷൗ ആസ്ഥാനമായുള്ള ഒരു സ്റ്റാർട്ടപ്പാണ് ഡീപ്സീക്ക് വികസിപ്പിച്ചത്. ഹാങ്ഷൗ ആസ്ഥാനമായുള്ള ഡീപ്സീക്ക് 2023 അവസാനത്തിൽ ഹൈ ഫ്ളെയർ എന്ന ഹെഡ്ജ് ഫണ്ട് നടത്തുന്ന സംരംഭകനായ ലിയാങ് വെൻഫെങ് സ്ഥാപിച്ചതാണ്.

ചൈനയിലെ ഡീപ്പ് സീക്ക് എഐ എന്ന സ്റ്റാർട്ടപ്പ് നിർമിച്ച ഡീപ്പ് സീക്ക് ചാറ്റ്ബോട്ട്, അമേരിക്കൻ ടെക് ഭീമന്മാരെ വിറപ്പിച്ചുകൊണ്ട് ജനറേറ്റീവ് എഐ മേഖലയിൽ വലിയ സ്വാധീനം നേടിയിരിക്കുകയാണ്. ചൈനീസ് ആർട്ടിഫിഷൽ ഇന്റലിജൻസ് ലാബാണ് ഫ്രീ ലാംഗേജ് മോഡൽ ഡീപ്സീക്ക് വി3 (DeepSeek V3) പുറത്തിറക്കിയത്. വർഷങ്ങളായി, യുഎസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാര്യത്തിൽ തർക്കമില്ലാത്ത നേതാവാണ്. അവിടേക്കാണ് ഇതുവരെ കേട്ടുകേൾവി പോലുമില്ലാതിരുന്ന ഒരു സ്റ്റാർട്ടപ്പ് അവതരിച്ചി റങ്ങിയത്. കേവലം രണ്ടാഴ്ചകൊണ്ട് ആഗോള തലത്തിലെ ഓപ്പൺ എഐ, ഗൂഗിൾ, മെറ്റ എന്നിവരെ പരിഭ്രാന്തിയിലാഴ്ത്താൻ ഇതിനു കഴിഞ്ഞു.

ഡീപ് സീക്ക് ആണ് ഇപ്പോൾ ടെക് ലോകത്തെയും ഓഹരി വിപണിയിലെയും സംസാര വിഷയം. ദിവസങ്ങൾ കൊണ്ടാണ് ലോകം 'ഭരിക്കുന്ന' ടെക് ഭീമന്മാരെ പിടിച്ചുലച്ച് ഈ പുതുമുഖം വാർത്തയിൽ ഇടം പിടിച്ചത്. അമേരിക്കൻ ടെക് ഭീമന്മാരുടെ വിപണി മൂല്യത്തെ മാത്രമല്ല, അതിർത്തി കടന്ന് മറ്റ് ധന വിപണികളിലും പ്രതിഫലിച്ചു ഡീപ് സീക്കിന്റെ വരവ്. അമേരിക്കൻ സാങ്കേതിക വ്യവസായത്തിനുള്ള മുന്നറിയിപ്പാണ് ഇതെന്നാണ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രതികരിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഗൂഗിളിനോടും ഓപ്പൺ എഐയോടും മത്സരിക്കാൻ പ്രാപ്തമാണ് ചൈനയുടെ ഈ പുതിയ എഐ മോഡൽ. 2023-ൽ ചൈനയിലെ ഹാങ്ഷൗവിലാണ് 40 കാരനായ ലിയാങ് വെൻഫെങ് നിർമിത ബുദ്ധി പ്ലാറ്റ്ഫോമായ ഡീപ് സീക്ക് സ്ഥാപിച്ചത്. യുഎസിലെ ടെക് ലോകം ഉപയോഗിക്കുന്നതിനേക്കാൾ കുറഞ്ഞ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ചിപ്പുകൾ ഉപയോഗിച്ചാണ് മോഡൽ വികസിപ്പിച്ചതെന്ന് ഡീപ് സീക്ക്-ആർ1 നിർമാതാക്കൾ പറഞ്ഞു. 60 ലക്ഷം ഡോളറിൽ താഴെ മാത്രമാണ് ഡീപ് സീക്കിന്റെ നിർമാണ ചെലവ്.

ഓപ്പൺ സോഴ്സ് മോഡലുകളായതിനാൽ, ഡീപ്പ് സീക്കിന്റെ സോഴ്സ് കോഡ് സുതാര്യമാണ്, ഇത് വിശ്വാസ്യതയും സുരക്ഷയും വർധിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള ഡെവലപ്പർമാർക്ക് ഈ മോഡലുകൾ പരിഷ്കരിക്കാനും സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് ചാറ്റ്ബോട്ടുകൾ

**ഡീപ് സീക്ക് ആണ് ഇപ്പോൾ ടെക് ലോകത്തെയും ഓഹരി വിപ ണിയിലെയും സംസാര വിഷയം. ദിവസങ്ങൾ കൊണ്ടാണ് ലോകം 'ഭരിക്കുന്ന' ടെക് ഭീമന്മാരെ പിടിച്ചുലച്ച് ഈ പുതുമുഖം വാർത്തയിൽ ഇടം പിടിച്ചത്. അമേരിക്കൻ ടെക് ഭീമന്മാരുടെ വിപണി മൂല്യത്തെ മാത്രമല്ല, അതിർത്തി കടന്ന് മറ്റ് ധന വിപണികളിലും പ്രതിഫലിച്ചു ഡീപ് സീക്കിന്റെ വരവ്.**

നിർമിക്കാനും സാധിക്കും. അധിഷ്ഠിത മറുപ ടികളാണ് ഡീപ്പ് സീക്ക് നൽകുക. ചിത്രങ്ങളോ മീഡിയ ഫയലുകളോ പ്രോസസ്സ് ചെയ്യാനാവില്ല. മലയാളം ഉൾപ്പെടെയുള്ള ഭാഷകൾ നന്നായി കൈകാര്യം ചെയ്യുന്നുണ്ട്. പരിമിതമായ കംപ്യൂട്ടിംഗ് ശേഷിയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഡീപ്പ് സീക്ക്, ചാറ്റ് ജിപിടിയെപ്പോലെ വെബ് സെർച്ച് സൗകര്യവും നൽകുന്നു.

## എന്താണ് വ്യത്യാസം

കഴിഞ്ഞ 2 വർഷത്തിലേറെയായി നാമെല്ലാം ചാറ്റ് ജിപിറ്റി യെന്നയൊരു എ ഐ ആപ്ലിക്കേഷൻ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാലും ഒരു എ ഐ ആപ്ലിക്കേഷൻ ആണെങ്കിൽ കൂടിയും തുലോം വ്യത്യസ്തമാണ് ഡീപ് സീക്ക് എന്നത്. എഐ മോഡൽ ഡെവലപ് ചെയ്യാൻ വൻതോതിൽ പണം ചെലവാക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഓപ്പൺ എഐയുടെ ചാറ്റ് ജിപിടി 540 ദശലക്ഷം ഡോളർ ചെലവഴിച്ചാണ് യാഥാർത്ഥ്യമാക്കിയത്. എന്നാൽ ഇതിന്റെ ഏകദേശം നൂറിലൊന്ന് ചെലവ് മാത്രമേ ഡീപ്പ് സീക്ക് ലോഞ്ച് ചെയ്യാൻ വന്നുള്ളൂവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഡീപ്സീക് മുന്നോട്ടുവെച്ചത് ഒരു ഓപ്പൺസോഴ്സ് മോഡലായിരുന്നു. എന്നുവെച്ചാൽ ആർക്കും സൗജന്യമായി ഉപയോഗിക്കാനും പഠിയ്ക്കാനും മാറ്റങ്ങൾ വരുത്താനും വിതരണം ചെയ്യാനും സോഫ്റ്റ്‌വെയർ മോഡലായിട്ടായിരുന്നു




ഡീപ് സീക്കിന്റെ വരവ്. ഇതിന്റെ കോഡ് എല്ലാവർക്കും ലഭ്യമാണ്. ഇത് എഐ സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് ഏറെ സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതേ സമയം ചാറ്റ് ജിപിടി പ്രീമിയം സേവനങ്ങൾക്ക് ചാർജ് ഈടാക്കിയിരുന്നു വെന്നതും ഇതോടൊപ്പം കൂട്ടിവായിക്കണം.

Open AI എന്ന സംഘടനയാണ് Chat GPT വികസിപ്പിച്ചത്. സംഭാഷണ ശൈലിയിൽ മനുഷ്യനെ പ്പോലെ ടെക്സ്റ്റ് ജനറേറ്റ് ചെയ്യുക, ചോദ്യങ്ങൾക്ക് ഉത്തരം നൽകുക, സംഭാഷണങ്ങൾ നടത്തുക തുടങ്ങിയവയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. എന്നാൽ Deep Seek എന്ന കമ്പനിയാണ് ഡീപ് സീക്ക് എന്ന ആപ്ലിക്കേഷൻ വികസിപ്പിച്ചത്. ഒരു സെർച്ച്, സംഭാഷണ, ചോദ്യോത്തര ഫംഗ്ഷനുകൾ ഉൾക്കൊള്ളുന്ന AI അസിസ്റ്റന്റ് ആയിട്ടാണ് ഇത് വിഭാവന ചെയ്തിരിക്കുന്നത്. ഇത് കൃത്യമായ വിവരങ്ങൾ തിരയുകയും ഇന്റലിജന്റ് ഇന്ററാക്ഷൻ സേവനങ്ങൾ നൽകുകയും ചെയ്യുന്നു. സംഭാഷണ ബോട്ടുകൾ, വെർചൽ അസിസ്റ്റന്റുകൾ, ടെക്സ്റ്റ് ജനറേഷൻ, ക്രിയേറ്റീവ് റൈറ്റിംഗ്, എഡ്യൂക്കേഷൻ തുടങ്ങിയവയിൽ ആണ് ചാറ്റ് ജിപിറ്റി പ്രധാനമായും ഉപയോഗിക്കുന്നത്. അതായത് ചാറ്റ് ജിപിറ്റി ഉപ യോഗിച്ച് ഒരു കഥ എഴുതുക, ചോദ്യങ്ങൾക്ക് ഉത്തരം നൽകുക, സംഭാഷണം നടത്തുക തുടങ്ങിയവയെല്ലാം ചെയ്യുവാൻ കഴിയും. എന്നാൽ കസ്റ്റമർ സപ്പോർട്ട്, എന്റർപ്രൈസ് നോളഡ്ജ് മാനേജ്മെന്റ്, ഇ-കൊമേഴ്സ്, ഹെൽത്ത്കെയർ, എഡ്യൂക്കേഷൻ തുടങ്ങിയവയിൽ ആണ് ഡീപ്പ് സീക്ക് പ്രധാനമായും ഉപയോഗിക്കപ്പെടുന്നത്. ഉദാഹരണമായി ഡീപ്പ് സീക്ക് ഉപയോഗിച്ച് ഒരു കമ്പനിയുടെ ഇന്റർണൽ ഡാറ്റാബേസിൽ നിന്ന് വിവരങ്ങൾ തിരയുക, കൃത്യമായ ഉത്തരങ്ങൾ നൽകുക എന്നിവയെല്ലാം സാധിക്കും.

## ബിസിനസിൽ എവിടെയെല്ലാം

ബിസിനസ്സ് രംഗത്ത് ഏറെ മാറ്റങ്ങൾ വരുത്തു വാൻ പര്യാപ്തമായ ഒരു എ ഐ മോഡലാണ് ഡീപ് സീക്ക് എന്നത്.

## എച്ച് ആർ ഡിപ്പാർട്ട്മെന്റ്

ഇന്നത്തെ മത്സരാധിഷ്ഠിത അന്തരീക്ഷത്തിൽ, മികച്ച ടാലന്റുള്ള, താല്പര്യമുള്ള ജീവനക്കാരെ കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യുക എന്നത് ബിസിനസ്സുകൾക്ക് ഒരു വലിയ വെല്ലുവിളിയാണ്. എന്നാൽ AI സിസ്റ്റങ്ങൾ ഉദ്യോ ഗാർത്ഥികളുടെ റെസ്യൂമുകൾ സ്കാൻ ചെയ്യുകയും, അവരെ തങ്ങളുടെ സ്കിൽസ്, അനുഭവം, സാംസ്കാരിക യോജിപ്പ് (cultural fit) എന്നിവ അടിസ്ഥാനമാക്കി റാങ്ക് ചെയ്യുകയും ചെയ്യുന്നു. ഇത് റിക്രൂട്ടിങ്ങ്പ്രക്രിയ വേഗത്തിലാക്കുകയും, ഏറ്റവും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടു ക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

ഡീപ്പ് സീക്ക് ഉപയോഗിച്ച് ജീവനക്കാരുടെ മനോഭാവം വിശകലനം ചെയ്യുവാൻ കഴിയും.

അതായത് ഇമെയിലുകൾ, സർവേകൾ, ഫീഡ്ബാക്ക് എന്നിവയിലൂടെ ജീവനക്കാരുടെ മനോഭാവം, അവരുടെ സംതൃപ്തി തുടങ്ങിയവ മനസ്സിലാക്കാൻ സഹായിക്കുന്നു. ഇത് മുഖാന്തിരം HR ടീമുകൾക്ക് ജീവനക്കാരുടെ പ്രശ്നങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും, അവ പരിഹരിക്കാനും കഴിയും. ഇത് കമ്പനികളുടെ റിടെൻഷൻ റേറ്റ് (ജീവനക്കാരെ നിലനിർത്താനുള്ള കഴിവ്) വർദ്ധിപ്പിക്കുന്നു. അതായത് AI ഉപയോഗിച്ച് ജീവനക്കാരുടെ എൻഗേജ്മെന്റ് ലെവൽ (പ്രവർത്തനത്തോടുള്ള താല്പര്യം) നിരീക്ഷിക്കുവാൻ കഴിയുമെന്നർത്ഥം.

## റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റിൽ

കമ്പനികളുടെ റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് മെച്ചപ്പെടുത്തുവാൻ ഇത് വഴി സാധ്യമാണ്. ഒരു കമ്പനിയുടെ പ്രവർത്തനച്ചിലവ് കുറയ്ക്കുന്നത് അതിന്റെ ലാഭം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന ഘടകമാണെന്നത് എടുത്ത് പറയേണ്ടതില്ലല്ലോ. ആവർത്തിക്കപ്പെടുന്ന ജോലികൾ ഓട്ടോമേറ്റ് ചെയ്യുവാൻ ഈ എ ഐ മോഡലിനാവും. ആവർത്തിച്ചുള്ള ടാസ്ക്കുകളുമായി ബന്ധപ്പെട്ട സമയവും ലേബർ ചെലവുകളും കുറയ്ക്കാൻ സഹായിക്കുന്നു. ഇത് ജീവനക്കാരെ ഉയർന്ന മൂല്യം സൃഷ്ടിക്കുന്ന തന്ത്രപരമായ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അനുവദിക്കുന്നു. ഡീപ്സീക്കിന്റെ ബിഗ് ഡാറ്റ അനലിറ്റിക്സ് വിവരങ്ങളുടെ വലിയ അളവ് പ്രോസസ്സ് ചെയ്യുകയും മികച്ച ബിസിനസ് തീരുമാനങ്ങൾക്ക് ഉപയോഗപ്രദമായ ഇൻസൈറ്റുകൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇത് കൂടുതൽ കാര്യക്ഷമമായ ഓപ്പറേഷനുകൾ, ടാർഗെറ്റഡ് മാർക്കറ്റിംഗ്, മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു.

## പ്രോഡക്ടിവിറ്റിയിൽ

പ്രെഡിക്റ്റീവ് മോഡലുകൾ ഉപയോഗിച്ച്, ഡീപ്സീക്ക് ട്രെൻഡുകൾ, ഉപഭോക്തൃ സ്വഭാവം, സാധ്യമായ മാർക്കറ്റ് മാറ്റങ്ങൾ എന്നിവ പ്രവചിക്കാൻ സഹായിക്കുന്നു. ഈ മുൻകൂർ ദർശനം ബിസിനസ്സുകളെ പ്രതികരണാത്മകമല്ല, പ്രൊആക്ടീവ് ആയിരിക്കാൻ കൂടി സഹായിക്കുന്നു. ഡീപ്സീക്കിന്റെ അക ഉപഭോക്തൃ ഡാറ്റ വിശകലനം ചെയ്ത് ഉപഭോക്തൃ ആവശ്യങ്ങളും പ്രാധാന്യങ്ങളും കുറിച്ച് ആഴത്തിലുള്ള ധാരണ നൽകുന്നു. ഇത് കൂടുതൽ ഫലപ്രദമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ, വ്യക്തിഗതമാക്കിയ ഉപഭോക്തൃ അനുഭവങ്ങൾ, ഉപഭോക്തൃ വിശ്വസ്തത വർദ്ധിപ്പിക്കൽ എന്നിവയിലേക്ക് നയിക്കുന്നു, ഇത് വിൽപ്പന വർദ്ധിപ്പിക്കുകയും ROI മെച്ചപ്പെടുത്തുകയും ചെയ്യുന്നു.ഒരു കമ്പനിയുടെ പ്രൊഡക്ടിവിറ്റി കൂട്ടുവാൻ ഇത് വഴി സാധ്യമാണ്.

## മാർക്കറ്റിങ്ങും സെയിൽസും

വ്യത്യസ്തതയാണ് ഒരു ബിസിനസ്സിനെ വിപണിയിൽ മുന്നോട്ട് നയിക്കുന്ന ഒരു ഘടകം. ഇത് മെച്ചപ്പെടുത്തുവാൻ ഡീപ് സീക്ക് ഉപയോഗിക്കുവാൻ കഴിയും. എ ഐ സിസ്റ്റമായ Hyper-Perosnalization Engine ഉപഭോക്താക്കളുടെ പെരുമാറ്റം വിശകലനം ചെയ്ത് അവരുടെ താല്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി പെർസണലൈസ്ഡ് മാർക്കറ്റിംഗ്, പ്രൈസിംഗ്, ഉൽപ്പന്ന ശുപാർശകൾ എന്നിവ നൽകുന്നു. ഉദാഹരണമായി ഒരു ഇ–കൊമേഴ്സ് വെബ്സൈറ്റിൽ, ഒരു ഉപഭോക്താവിന്റെ മുമ്പത്തെ പർച്ചേസുകൾ, ബ്രൗസിംഗ് ഹിസ്റ്ററി എന്നിവ അടിസ്ഥാനമാക്കി, അവർക്ക് ഏറ്റവും ഇഷ്ടമുള്ള ഉൽപ്പന്നങ്ങൾ ശുപാർശ ചെയ്യുന്നു. ഇത് കൺവേർഷൻ റേറ്റ് 35 ശതമാനത്തിലധികം വർദ്ധിപ്പിക്കുന്നതായിട്ടാണ് പഠനങ്ങൾ കാണിക്കുന്നത്. AI ഉപയോഗിച്ച് സോഷ്യൽ മീഡിയ, വാർത്തകൾ, റിവ്യൂകൾ എന്നിവ സ്കാൻ ചെയ്യുകയും, ഉപഭോക്താക്കളുടെ അഭിപ്രായങ്ങളും മാർക്കറ്റ് ട്രെൻഡുകളും വിശകലനം ചെയ്യുകയും ചെയ്യുന്നതിനെയാണ് Market Sentiment Analyzer എന്ന് പറയുന്നത്. റിയൽ–ടൈമിൽ മാർക്കറ്റ് സെന്റിമെന്റ് മനസ്സിലാക്കി, മാർക്കറ്റിംഗ് സ്ട്രാറ്റജി ക്രമീകരിക്കാൻ സഹായിക്കുന്നു. ഉദാഹരണത്തിന്, ഒരു പുതിയ ഉൽപ്പന്നത്തിന് എങ്ങനെ പ്രതികരണമുണ്ടെന്ന് മനസ്സിലാക്കി, അതിനനുസരിച്ച് പ്ലാൻ മാറ്റുവാൻ കഴിയും. ബിസിനസ്സിൽ സാധ്യമായ റിസ്കുകൾ മുൻകൂട്ടി കണ്ടെത്തുവാനുള്ള എ ഐ ടൂളാണ് AI-Powered Risk Simulator. ഉദാഹരണമായി ഒരു സപ്ലൈ ചെയിനിൽ പ്രശ്നം സംഭവിച്ചാൽ, അത് എങ്ങനെ നേരിടാമെന്ന് മുൻകൂട്ടി പ്ലാൻ ചെയ്യുവാൻ കഴിയും. ഇത് വഴി ബിസിനസ്സുകൾക്ക് അപ്രതീക്ഷിത സാഹചര്യങ്ങളിൽ ഉണ്ടാകുന്ന നഷ്ടം കുറയ്ക്കാനും, വേഗത്തിൽ സാഹചര്യത്തോട് പ്രതികരിക്കാനും കഴിയും.

## ഫിനാൻഷ്യൽ മാനേജ്മെന്റ്

ഒരു കമ്പനിയുടെ സാമ്പത്തിക കാര്യങ്ങൾ വിശകലനം ചെയ്യുവാൻ ഡീപ് സീക്ക് പ്രയോജനപ്പെടുത്താം. ഒരു കമ്പനിയുടെ ഫിനാൻഷ്യൽ പ്രകടനം മെച്ചപ്പെടുത്താൻ ഡീപ്സീക്കിന്റെ AI, ബിഗ് ഡാറ്റ സൊല്യൂഷനുകൾ വ്യാപകമായി ഉപയോഗിക്കാം. ഇത് ഫിനാൻഷ്യൽ ഡാറ്റ വിശകലനം, കോസ്റ്റ് ഓപ്റ്റിമൈസേഷൻ, റിസ്ക് മാനേജ്മെന്റ്, പ്രെഡിക്റ്റീവ് അനലിറ്റിക്സ് എന്നിവ വഴി സാധ്യമാക്കുന്നു. ഡീപ്സീക്കിന്റെ AI ടൂളുകൾ കമ്പനിയുടെ ഫിനാൻഷ്യൽ ഡാറ്റ (ഉദാഹരണത്തിന്, വരുമാനം, ചെലവ്, ലാഭം, നഷ്ടം) വിശകലനം ചെയ്യുന്നു. ഇത് ഫിനാൻഷ്യൽ ട്രെൻഡുകൾ,




പാറ്റേണുകൾ എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്നത് വഴി മികച്ച തീരുമാനങ്ങൾ എടുക്കാൻ സഹായകമാണ്. AI വഴി കമ്പനിയുടെ ചെലവ് നിർണ്ണയിക്കുന്ന ഘടകങ്ങൾ (ഉദാഹരണത്തിന്, ഓപ്പറേഷണൽ ചെലവ്, സപ്ലൈ ചെയിൻ ചെലവ്) വിശകലനം ചെയ്യുകയും, എവിടെ ചെലവ് കുറയ്ക്കാമെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ഇത് ചെലവ് കുറയ്ക്കുകയും, ലാഭം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. AI മോഡലുകൾ ഉപയോഗിച്ച് ഭാവിയിലെ ഫിനാൻഷ്യൽ ട്രെൻഡുകൾ, വരുമാനം, ചെലവ് എന്നിവ പ്രവചിക്കുവാൻ കഴിയും. ആയതിനാൽ ത്തന്നെ ബിസിനസ്സുകൾക്ക് മുൻകൂട്ടി തീരുമാനങ്ങൾ എടുക്കാനും ഇത് ഫിനാൻഷ്യൽ സ്ഥിരത വർദ്ധിപ്പിക്കുവാനും സഹായകരമാകും.

## റിയൽ–ടൈം ഡാറ്റ അനലിറ്റിക്സ്

റിയൽ-ടൈം ഡാറ്റ അനലിറ്റിക്സ് എന്നത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ വേവിന്റെ മുൻനിരയിലുള്ള സാങ്കേതികവിദ്യയാണ്, ഇത് ബിസിനസ്സുകൾക്ക് ലൈവ് ഡാറ്റ സ്ട്രീമുകൾ ഉപയോഗിച്ച് തൽക്ഷണ ഇൻസൈറ്റുകൾ (insights) നേടാനും, ഓപ്പറേഷനുകൾ തുടർച്ചയായി മോണിറ്റർ ചെയ്യാനും, പുതിയ ട്രെൻഡുകൾക്ക് വേഗത്തിൽ പ്രതികരിക്കാനും, റിയൽ-ടൈമിൽ ഡാറ്റ-അധിഷ്ഠിത തീരുമാനങ്ങൾ എടുക്കാനും സഹായിക്കുന്നു. ഒരു പ്രമുഖ റീടെയിൽ ചെയിൻ കമ്പനിക്ക് ഡീപ്സീക്ക് അനലിറ്റിക്സ് പ്ലാറ്റ്ഫോം ഉപയോഗിച്ച്, അവരുടെ ഇൻവെന്ററി, മാർക്കറ്റിംഗ് തന്ത്രങ്ങൾ എന്നിവ റിയൽ-ടൈമിൽ ക്രമീകരിക്കുവാൻ സാധ്യമാണ്. മൈനിംഗ് ടെക്നോളജി രംഗത്തുള്ള കമ്പനികൾക്ക് റിയൽ-ടൈം ഡാറ്റ അനലിറ്റിക്സ് ഉപയോഗിച്ച് ഓപ്പറേഷനുകൾ മോണിറ്റർ ചെയ്യാനും, സുരക്ഷാ റിസ്കുകൾ കുറയ്ക്കാനും കഴിയും. ബിസിനസ്സുകൾക്ക് റിയൽ-ടൈമിൽ ഡാറ്റ വിശകലനം ചെയ്യാനും, മികച്ച തീരുമാനങ്ങൾ എടുക്കാനും, ഓപ്പറേഷണൽ കാര്യക്ഷമത മെച്ചപ്പെടുത്താനും സഹായകമാണ് ഇത്.

## സൈബർ സെക്യൂരിറ്റിയിൽ

ഇന്ന് എല്ലാ ബിസിനസുകൾക്കും കമ്പ്യൂട്ടറുകളും ഇന്റർനെറ്റുമെല്ലാം ആവശ്യമാണെന്നിരിക്കെ ഇതിന്റെ സുരക്ഷ ഏറെ പ്രധാനപ്പെട്ടതാണ്. ഡീപ് സീക്കിന്റെ സൈബർ സെക്യൂരിറ്റി ആപ്ലിക്കേഷനുകൾ ബിസിനസ്സുകൾക്ക് സൈബർ ഭീഷണികൾക്കെതിരെ ശക്തമായ സംരക്ഷണം നൽകുന്നു. ഇത് ഫിനാൻസ്, ഹെൽത്ത്കെയർ, മൈനിംഗ് ടെക്നോളജി തുടങ്ങിയ വ്യത്യസ്ത ഇൻഡസ്ട്രികളിൽ വിശ്വാസ്യതയും സുരക്ഷയും ഉറപ്പാക്കുന്നു. സങ്കീർണ്ണമായ സൈബർ ഭീഷണികൾക്കെതിരെ നിലകൊള്ളാനുള്ള കഴിവ് ഇത് ബിസിനസ്സുകൾക്ക് നൽകുന്നു. ഉദാഹരണമായി ഡീപ്സീക്ക് സൈബർ സെക്യൂരിറ്റി സൊല്യൂഷനുകൾ ഉപയോഗിച്ച്, ഒരു പ്രമുഖ ഹോസ്പിറ്റൽ നെറ്റ്വർക്കിൽ രോഗികളുടെ റെക്കോർഡുകളും സെൻസിറ്റീവ് മെഡിക്കൽ ഡാറ്റയും സംരക്ഷിക്കുവാൻ കഴിയുന്നു.

## ക്ലൗഡ് മാനേജ്മെന്റ് സിസ്റ്റം


ഡീപ്സീക്ക് ക്ലൗഡ്-ബേസ്ഡ് മാനേജ്മെന്റ് സിസ്റ്റങ്ങൾ (DeepSeek Cloud-Based Management Systems) ഇന്നത്തെ വേഗതയേറിയ മാർക്കറ്റ് പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്ന ബിസിനസ്സുകൾക്ക് അതുല്യമായ ഫ്ളെക്സിബിലിറ്റിയും സ്കെയിലബിലിറ്റിയും നൽകുന്നു. ക്ലൗഡ്-ബേസ്ഡ് പ്ലാറ്റ്ഫോമുകളിലേക്ക്

മാറുന്നതിലൂടെ, കമ്പനികൾക്ക് മെച്ചപ്പെട്ട കൊളോബ്രേഷൻ, സുഗമമായ ഡാറ്റ മാനേജ്മെന്റ്, കുറഞ്ഞ IT ഓവർഹെഡ് എന്നിവ ലഭിക്കും. ഇത് പ്രത്യേകിച്ചും മൈനിംഗ് ടെക്നോളജി കമ്പനികൾക്ക് പ്രയോജനകരമാണ്, കാരണം ഇത്തരം കമ്പനികൾ പലപ്പോഴും ഭൂമിശാസ്ത്രപരമായി വിദൂരമായ പ്രവർത്തനങ്ങൾ നടത്തുന്നു, അവയ്ക്ക് റിയൽ-ടൈം കോർഡിനേഷനും ഡാറ്റ ആക്സസ്സും ആവശ്യമാണ്.

ഡീപ്സീക്ക് (DeepSeek) എന്നത് AI അധിഷ്ഠിത ചാറ്റ്ബോട്ട് ആണ്. ചൈനയിലെ ഒരു സ്റ്റാർട്ടപ്പ് കമ്പനിയായി ആരംഭിച്ച ഈ സാങ്കേതികവിദ്യ, ലോകത്തിലെ ടെക് ഭീമന്മാരായ Open AI യുടെ Chat GPT, Google, Meta എന്നിവയ്ക്ക് ശക്തമായ മത്സരമായി മാറിയിരിക്കുന്നു. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത ഇത് ഒരു ഓപ്പൺ സോഴ്സ് മോഡൽ ആയതാണ്, അതായത് ഇതിന്റെ കോഡ് സുതാര്യമാണ്, ആർക്കും സൗജന്യമായി ഉപയോഗിക്കാനും മെച്ചപ്പെടുത്താനും കഴിയും. ഇത് AI സാങ്കേതികവിദ്യയുടെ വളർച്ചയ്ക്ക് വലിയ സംഭാവന നൽകുന്നു.

ഡീപ്സീക്കിന്റെ വിജയം ടെക് ലോകത്തെ മാത്രമല്ല, ഓഹരി വിപണികളെയും സാധാരണ ഉപയോക്താക്കളെയും സ്വാധീനിച്ചിട്ടുണ്ട്. ഇതിന്റെ കുറഞ്ഞ നിർമാണ ച്ചെലവ്, ഉയർന്ന കാര്യക്ഷമത, മലയാളം ഉൾപ്പെടെയുള്ള ഭാഷകളെ കൈകാര്യം ചെയ്യാനുള്ള കഴിവ് എന്നിവ ഇതിനെ വ്യത്യസ്തമാക്കുന്നു. കൂടാതെ, ബിസിനസ്സ് രംഗത്ത് HR മാനേജ്മെന്റ്, ഫിനാൻഷ്യൽ ഓപ്റ്റിമൈസേഷൻ, റിയൽ-ടൈം ഡാറ്റ അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ ഏറെ മാറ്റങ്ങൾ കൊണ്ടുവരുവാൻ പര്യാപ്തമാണ്.

അമേരിക്കൻ ടെക് ഭീമന്മാരുടെ ആധിപത്യത്തെ തിരിച്ചടിക്കാനുള്ള ചൈനയുടെ കഴിവിനെ ഡീപ്സീക്ക് പ്രതിനിധീകരിക്കുന്നു. ഇത് ആഗോള തലത്തിൽ അക മേഖലയിൽ ഒരു പുതിയ യുഗത്തിന്റെ തുടക്കമാകുമെന്ന് പ്രതീക്ഷിക്കാം. ഭാവിയിൽ, ഡീപ്സീക്ക് പോലുള്ള സാങ്കേതികവിദ്യകൾ ബിസിനസ്സുകൾക്കും സാധാരണ ഉപയോക്താക്കൾക്കും ഉള്ള സാധ്യതകൾ വിപുലീകരിക്കുമെന്നതിൽ സംശയമില്ല.

റിഷിക നാരായൺ

# ഫുഡ് സേഫ്റ്റിയും സംരംഭകരും

**സംരംഭകർ മറ്റു വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട ഔദ്യോഗിക രേഖകളെ സംബന്ധിച്ച പുതിയ പംക്തി**

**മനുഷ്യ** ജീവിതത്തോട് ഏറ്റവും അധികം അടുത്ത് നിൽക്കുന്ന ഒരു വകുപ്പാണ് ഫുഡ് സേഫ്റ്റിയുടേത്. ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം, സംസ്കരണം, വിതരണം, വിൽപ്പന എന്നീ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ അതാതു ബിസിനസ്സിന്റെ സ്വഭാവം അനുസരിച്ചും വിറ്റുവരവിന്റെ അടിസ്ഥാനത്തിലും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ കരസ്ഥമാക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനുള്ള ഒരു സംവിധാനമാണ് ഇത്. കൂടാതെ ഭക്ഷ്യവിഭവങ്ങൾ സുരക്ഷിതമായ രീതിയിൽ കസ്റ്റമറുടെ അടുത്ത് വരെ എത്തിക്കാൻ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്ന സ്ഥാപനവും കൂടിയാണ് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI). ഫുഡ് സേഫ്റ്റി ലൈസൻസ് ലഭിക്കുന്നത് ഒരു ബിസിനസിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുകയും ഉപഭോക്താക്കളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുന്നു. ഇത് ഭക്ഷണത്തിൽ മലിനീകരണത്തിന് കാരണമായ വസ്തുക്കളോ ദോഷകരമായ രാസവസ്തുക്കളോ ഇല്ലായെന്ന് ഉറപ്പാക്കുന്നു. ഫുഡ് ബിസിനസുകൾക്ക് ലൈസൻസ് ലഭിക്കുന്നതിന് സംരംഭകർ ശുചിത്വം, ഗുണനിലവാരം, സുരക്ഷ എന്നിവയ്ക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. FSSAI യുടെ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ആരും തന്നെ ഭക്ഷ്യ വസ്തുക്കളുടെ ബിസിനസ്സ് നടത്തുവാൻ പാടുള്ളതല്ല.

ഫുഡ് സേഫ്റ്റി നിയമപ്രകാരം ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ മൂന്ന് തരമുണ്ട്. ഒന്ന് മുതൽ 5 വർഷത്തേക്കാണ് ഇത് അനുവദിക്കപ്പെടുന്നത്.

1.FSSAI Registration

2.FSSAI State License

3.FSSAI Central License എന്നിങ്ങനെയാണവ. ഇവക്കുള്ള മാനദണ്ഡങ്ങൾ പേജ് 44ൽ ചേർത്തിരിക്കുന്നു.

## എത്ര രൂപയാണ് ഫീസ്

രജിസ്ട്രേഷന് വാർഷിക ഫീസ് 100 രൂപയാണ്. എന്നാൽ സ്റ്റേറ്റ് ലൈസൻസ് എടുക്കുവാൻ 2000 മുതൽ 5000 വരെ വാർഷിക ഫീസുണ്ടാകും. സെൻട്രൽ ലൈസൻസിന് വാർഷിക ഫീസ് 7500 രൂപയാണ്.

## എന്തൊക്കെ രേഖകൾ ആവശ്യമാണ്

* പാസ്പോർട്ട് സൈസ് ഫോട്ടോ
* സർക്കാർ അംഗീകരിച്ച ഫോട്ടോയുള്ള ഏതെങ്കിലും ഐ ഡി കാർഡ്
* സംരംഭം നടക്കുന്ന സ്ഥലത്തിന്റെ അഡ്രസ് പ്രൂഫ് (വാടക കരാർ/ഇലക്ട്രിസിറ്റി ബിൽ മുതലായവ)

എന്നിവയാണ് രജിസ്ട്രേഷന് ആവശ്യം

എന്നാൽ (എല്ലാത്തരത്തിലുള്ള ഭക്ഷ്യ ബിസിനസുകൾക്കും) ലൈസൻസ് എടുക്കുവാനായി താഴെപ്പറഞ്ഞിരിക്കുന്ന രേഖകൾ ആവശ്യമാണ്.

* സർക്കാർ അംഗീകരിച്ച ഫോട്ടോയുള്ള ഏതെങ്കിലും ഐ ഡി കാർഡ്

* പാൻ കാർഡ്
* സംരംഭം നടക്കുന്ന സ്ഥലത്തിന്റെ അഡ്രസ് പ്രൂഫ് (വാടക കരാർ/ഇലക്ട്രിസിറ്റി ബിൽ മുതലായവ)
* സംരംഭം പാർട്ണർഷിപ്പ് ആണെങ്കിൽ പാർട്ണർ ഷിപ്പ് ഡീഡ്/പ്രൊപ്രൈറ്ററിഷിപ്പ് ആണെങ്കിൽ ആയതിന്റെ സത്യവാങ്മൂലം/കമ്പനി ആണെങ്കിൽ Memorandum & Articles of association
* സംരംഭത്തിന്റെ ഉടമസ്ഥരുടെയെല്ലാം അഡ്രസ്
* സംരഭം കമ്പനി ആണെങ്കിൽ അവ Form IX ൽ ഉള്ള നോമിനേഷൻ വെച്ചിരിക്കണം

## മറ്റെന്തെങ്കിലും രേഖകൾ ആവശ്യമാണോ

താഴെപ്പറയുന്ന യൂണിറ്റുകൾക്ക് ലൈസൻസ് ലഭിക്കുവാൻ അതാതിന്റെ ഒപ്പം പരാമർശിച്ചിട്ടുള്ള രേഖകൾ കൂടി ആവശ്യമാണ്.

ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ക്ലബ്ബ്, കാന്റീൻ തുടങ്ങിയവക്ക് സർക്കാർ അംഗീകാരമുള്ള ഒരു ലാബിൽ നിന്നുള്ള വെള്ളത്തിന്റെ പരിശോധനാ റിപ്പോർട്ട് (Chemical &Bacteriological) ആവശ്യമാണ്.

വാഹനങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്നുണ്ടുവെങ്കിൽ വാഹനങ്ങളുടെ ലിസ്റ്റും അതിന്റെ രജിസ്ട്രേഷൻ നമ്പരും

**ഭക്ഷ്യോൽപ്പാദകർക്ക് :** പ്രോസസിങ്ങ് യൂണിറ്റിന്റെ ലേ ഔട്ട്, ഉപയോഗിക്കുന്ന മെഷീനറികളുടേയും എക്യുപ്മെന്റുകളുടേയും ലിസ്റ്റും ഒപ്പം അവയുടെ കപ്പാസിറ്റിയും പവറും, വെള്ളത്തിന്റെ പരിശോധനാ റിപ്പോർട്ട്, ഉൽപ്പാദന യൂണിറ്റിന്റെ ഫോട്ടോ എന്നിവയും ആവശ്യമാണ്.

## പ്രത്യേക ഉൽപ്പാദന യൂണിറ്റുകൾ

**ഡയറി പ്രോസസിങ്ങ്** – എവിടെ നിന്നാണ് പാൽ ശേഖരിക്കുന്നത് എന്നത് കാണിച്ചിരിക്കണം

**മീറ്റ് പ്രോസസിങ്ങ്** – അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്ന സ്ഥലം, ലോക്കൽ ബോഡിയിൽ നിന്നുള്ള ലൈസൻസ് എന്നിവ ആവശ്യമാണ്

**സ്ലോട്ടർ ഹൗസ്** – ലോക്കൽ ബോഡിയിൽ നിന്നുള്ള ലൈസൻസ്

**റിപാക്കിങ്ങ് ചെയ്യുന്നവർ** – ഉൽപ്പാദകരിൽ നിന്നുള്ള (No Objection Certificate) NOC ഹാജരാക്കണം

**പാക്കേജ്ഡ് ഡ്രിങ്കിങ്ങ് വാട്ടർ** – വെള്ളത്തിന്റെ കീടനാശിനി പരിശോധനാ റിപ്പോർട്ട്

## എക്സിബിഷനുള്ള രജിസ്ട്രേഷൻ

നിലവിൽ ഫുഡ് സേഫ്റ്റിയുടെ രജിസ്ടേഷനോ ലൈസൻസോ ഉള്ളവർ ആയിരുന്നാലും അവർക്ക് ഒരു എക്സിബിഷനിൽ തങ്ങളുടെ ഉൽപ്പന്നം വിൽക്കണമെന്നുണ്ടെങ്കിൽ ആ പരിപാടിക്കായിട്ട് മാത്രം ഒരു താൽക്കാലിക രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. നിലവിൽ 100 രൂപയാണ് അതിന്റെ ഫീസ്.

## തൽക്കാൽ രജിസ്ട്രേഷൻ/ലൈസൻസ്

സാധാരണയായി ലൈസൻസിനായി അപേക്ഷിക്കുമ്പോൾ മതിയായ പരിശോധനക്ക് ശേഷമാണ് ലൈസൻസ് അനുവദിക്കപ്പെടുന്നത്. എന്നാലിപ്പോൾ റിസ്ക് കുറഞ്ഞതായ ഭക്ഷ്യ സംരംഭങ്ങൾക്ക് തൽക്കാൽ രജിസ്ട്രേഷൻ ലഭ്യമാണ്. ഇതിന്റെ കാലാവധി ഒരു വർഷമാണ്. മതിയായ ഫീസ് ഓൺലൈനായിട്ടാണ് അടക്കേണ്ടത്. രേഖകൾ ഡിജിറ്റലായി വെരിഫിക്കേഷൻ നടത്തിയാണ് ഇത് അനുവദിക്കുന്നത്. എന്നാൽ തെറ്റായ വിവരങ്ങൾ നൽകിയാണ് ഇത് കരസ്ഥമാക്കുന്നതെങ്കിൽ തുടർ നടപടികൾ നേരിടേണ്ടതുണ്ട്. നിലവിൽ പ്രൊപ്രൈറ്ററിഷിപ്പായിട്ടുള്ള ഫുഡ് ബിസിനസിനാണ് ഇതിന് അപേക്ഷിക്കുവാൻ കഴിയുന്നത്.




## മറ്റ് വിവരങ്ങൾ എന്തൊക്കെ

മതിയായ ലൈസൻസ് ഇല്ലാതെ സ്ഥാപനം നടത്തുന്നത് 10 ലക്ഷം വരെ പിഴ ലഭിക്കാവുന്ന കുറ്റമാണ്. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ഉൽപ്പാദകർ, റീ പാക്കിങ്ങ് ചെയ്യുന്നവർ എല്ലാം ഓരോ വർഷവും മെയ് 31 നു മുൻപ് റിട്ടേൺ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്ന് വരുന്ന ഓരോ ദിവസത്തിനും പ്രതിദിനം 100 രൂപ വീതം പരമാവധി 15000 രൂപ വരെ പിഴ അടക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ https://foscos.fssai.gov.in/ എന്ന സൈറ്റിൽ നിന്ന് ലഭ്യമാണ്.

ഫുഡ് സേഫ്റ്റി നിയമപ്രകാരം ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ എന്നിവക്കുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നു.

| മാനദണ്ഡങ്ങൾ | FSSAI രജിസ്ട്രേഷൻ | FSSAI സ്റ്റേറ്റ് ലൈസൻസ് | FSSAI സെൻട്രൽ ലൈസൻസ് |
|---|---|---|---|
| വാർഷിക വിറ്റുവരവ് | 12 ലക്ഷത്തിൽ താഴെ | 12 ലക്ഷം – 20 കോടി | 20 കോടിക്ക് മുകളിൽ |
| ഭക്ഷ്യോത്പാദനം (Manufacturing/ Processing, Repacking) (പാലും പാലുൽപ്പന്നങ്ങളും മാംസവും മാംസോൽപ്പന്നങ്ങളുംവെജിറ്റബിൾ ഓയിൽയൂണിറ്റുകൾ ഒഴികെ ഉള്ളവ) | ഉല്പാദന തോത് ഒരു ദിവസം 100 kg/L വരെ അല്ലെങ്കിൽ വാർഷിക വിറ്റുവരവ് 12 ലക്ഷത്തിൽ താഴെ | ഉല്പാദന തോത് ഒരു ദിവസം 101 kg/L മുതൽ 2 മെട്രിക് ടൺവരെ | ഉല്പാദന തോത് ഒരു ദിവസം 2 മെട്രിക് ടണ്ണിനു മുകളിൽ |
| ഡയറി യൂണിറ്റുകൾ (മിൽക്ക് ചില്ലിങ് യൂണിറ്റുകൾ ഉൾപ്പെടെ) | ഒരു ദിവസം 500 L വരെ | ഒരു ദിവസം 501 – 50000 L വരെ | ഒരു ദിവസം 50,000 L നു മുകളിൽ |
| മീറ്റ് പ്രോസസ്സിംഗ് | വാർഷിക വിറ്റുവരവ് 12 ലക്ഷത്തിൽ താഴെ | ഒരു ദിവസം 500 Kg മാംസംവരെ/ പ്രതിവർഷം 150 മെട്രിക് ടൺ മാംസംവരെ | ഒരു ദിവസം 500 Kg നു മുകളിൽ/ പ്രതിവർഷം 150 മെട്രിക് ടണ്ണിനു മുകളിൽ |
| വെജിറ്റബിൾ ഓയിൽയൂണിറ്റുകൾ | വാർഷിക വിറ്റുവരവ് 12 ലക്ഷത്തിൽ താഴെ | ഒരു ദിവസം 2 മെട്രിക് ടൺവരെ | ഒരു ദിവസം 2 മെട്രിക് ടണ്ണിനു മുകളിൽ |
| കാറ്ററിംഗ് | രജിസ്ട്രേഷൻ ബാധകമല്ല | വാർഷിക വിറ്റുവരവ് 20 കോടിവരെ | വാർഷിക വിറ്റുവരവ് 20 കോടിക്ക് മുകളിൽ |
| ഇ കോമേഴ്സ് | രജിസ്ട്രേഷൻ ബാധകമല്ല | സ്റ്റേറ്റ് ലൈസൻസ് ബാധകമല്ല | എല്ലാ ഇ കോമേഴ്സ് സംരംഭകരും സെൻട്രൽ ലൈസൻസ് കരസ്ഥമാക്കേണ്ടതാണ് |
| ഫിഷ് പ്രോസസിങ്ങ് | വാർഷിക വിറ്റ് വരവ് 12 ലക്ഷത്തിൽ താഴെ | ഒരു ദിവസം 500 കിലോ വരെ അല്ലെങ്കിൽ ഒരു വർഷം 150 മെട്രിക് ടൺ വരെ | ഒരു ദിവസം 500 കിലോക്ക് മുകളിലോ ഒരു വർഷം 150 മെട്രിക് ടണ്ണിന് മുകളിലോ |
| ഫുഡ് ഹെൽത്ത് സപ്ലിമെന്റുകൾ | ബാധകമല്ല | ബാധകമല്ല | സെൻട്രൽ ലൈസൻസ് എടുക്കേണ്ടതാണ് |
| 100 ശതമാനം കയറ്റുമതി യൂണിറ്റുകൾ | ബാധകമല്ല | ബാധകമല്ല | സെൻട്രൽ ലൈസൻസ് എടുക്കേണ്ടതാണ് |



ഡോ. ശചീന്ദ്രൻ വി.

# വനിതാ സംരംഭകത്വം

## പ്രാധാന്യവും പ്രതിസന്ധികളും




**ലോക** ബാങ്കിന്റെ (IBRD) 2023 ലെ റിപ്പോർട്ട് പ്രകാരം ലോക ജനസംഖ്യയുടെ 49.71 ശതമാനം വനിതകളാണ്. ഇന്ത്യയിൽ ജനസംഖ്യയുടെ 48.41 ശതമാനവും. 2011 സെൻസസ് പ്രകാരം ഇന്ത്യയിൽ 556.14 ദശലക്ഷം വനിതകൾ ഉണ്ട്. എന്നാൽ കേന്ദ്ര ഗവൺമെന്റിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വകുപ്പിന്റെ ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ 2024 ഫെബ്രുവരിയിൽ നൽകിയ കണക്കുകൾ പ്രകാരം വനിതകൾ ഉടമകളായുള്ള സംരംഭങ്ങൾ മൊത്തം സംരംഭങ്ങളുടെ 20.5 ശതമാനം മാത്രമേയുള്ളൂ. വനിതാ സംരംഭങ്ങൾ മൂലമുള്ള തൊഴിലുകളുടെ എണ്ണം, മൊത്തത്തിന്റെ 18.73 ശതമാനവും, അവയുടെ വിറ്റു വരവ്, മൊത്തത്തിന്റെ കേവലം 10.22 ശതമാനവും ആണ്. ഇവ ചൂണ്ടിക്കാണിക്കുന്നത് വനിതാ സംരംഭകത്വം ജനസംഖ്യയുടെ ആനുപാതികമായ വളർച്ച കൈവരിച്ചിട്ടില്ല എന്നും ഇക്കാര്യത്തിൽ അതീവ ഗൗരവകരമായ ശ്രദ്ധ പതിപ്പിക്കേണ്ടതും ആണ് എന്നാണ്. അതിനാൽ വനിതാ സംരംഭകത്വം വൻതോതിൽ വളർത്തിയെടുക്കേണ്ടതും, പ്രോത്സാഹിപ്പിക്കേണ്ടതും വളരെ പ്രധാനമാണ്. വനിതാ സംരംഭകത്വത്തിന്റെ പ്രാധാന്യവും അതിന്റെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന ഘടകങ്ങളും വിശദമാക്കുന്നതാണ് ഈ ലേഖനം.

വനിതകൾ ആരംഭിക്കുകയും, നടത്തിക്കൊണ്ടുപോവുകയും ചെയ്യുന്ന സംരംഭങ്ങളെയാണ് പൊതുവിൽ വനിതാ സംരംഭങ്ങൾ എന്ന് വിളിക്കാറുള്ളത്. കേന്ദ്ര-ഗവൺമെന്റിന്റെ നിർവചന പ്രകാരം കുറഞ്ഞത് 51 ശതമാനം എങ്കിലും വനിതകൾക്ക് സാമ്പത്തിക താല്പര്യമോ, കുറഞ്ഞത് 51% എങ്കിലും വനിതകൾക്ക് തൊഴിൽ നൽകുന്നതോ ആയതും, വനിതയ്ക്ക് ഉടമസ്ഥാവകാശവും നിയന്ത്രണവും ഉള്ളതുമായ സ്ഥാപനങ്ങളാണ് വനിതാ സംരംഭങ്ങൾ. ചുരുക്കത്തിൽ, വനിതകൾക്ക് ഉടമസ്ഥാവകാശവും നിയന്ത്രണവും ലഭിക്കുന്ന സംരംഭങ്ങളാണ് വനിതാ സംരംഭങ്ങൾ.

### വനിതാ സംരംഭകത്വത്തിന്റെ പ്രാധാന്യം

ജനസംഖ്യയുടെ പകുതിയോളം വരുന്ന വനിതകൾ സംരംഭകത്വത്തിൽ സജീവപങ്കാളിത്തം കാണിക്കേണ്ടത് വളരെ പ്രധാനമാണ്. വനിതാ സംരംഭകത്വത്തിന്റെ പ്രാധാന്യം ചുവടെ ചേർക്കുന്നു.




### 1. ലിംഗസമത്വം

പുരുഷനോടൊപ്പം തന്നെ വാണിജ്യ-വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിലും നടത്തിക്കുന്നതിലും വനിതകൾ മുന്നിട്ടിറങ്ങുന്നത് അവരുടെ അഭിമാനബോധവും ആത്മവിശ്വാസവും വളർത്താൻ ഏറെ പ്രയോജനം ചെയ്യും. സംരംഭകത്വ മേഖലയിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനും സാമ്പത്തിക കാര്യങ്ങളിൽ പുരുഷന്മാരെ പോലെ അധികാരവും അവകാശങ്ങളും നേടിയെടുക്കാനും സംരംഭകത്വം വഴിയൊരുക്കുന്നു. ഇത്, ഒരു സ്ത്രീ എന്ന കാരണത്താൽ അവരെ വിവേചനത്തോടെ നോക്കി കാണുവാനുള്ള പ്രവണതയെ ഇല്ലാതാക്കും.

### 2. സാമ്പത്തികമായ സ്വാതന്ത്ര്യം

വനിതകൾക്ക് കുടുംബത്തിലും സമൂഹത്തിലും സ്വാതന്ത്ര്യവും അവസരങ്ങളും ലഭിക്കണമെങ്കിൽ സാമ്പത്തികമായ ലഭ്യത ആവശ്യമാണ്. സംരംഭകത്വത്തിലൂടെ ധനം സമ്പാദിക്കാനുള്ള അവസരം ലഭിക്കുകയും, തങ്ങൾക്ക് ഉചിതമായ രീതിയിൽ അത് ചെലവഴിക്കാനുള്ള സ്വാതന്ത്ര്യവും ലഭിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം വ്യക്തിസ്വാതന്ത്ര്യം ലഭിക്കുവാനും കാരണമാകുന്നു.

### 3. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച

രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന വനിതകൾ പൂർണ്ണതോതിൽ സംരംഭകത്വത്തിലേക്ക് ഇറങ്ങിയാൽ രാജ്യത്തിൻറെ ആഭ്യന്തര സാമ്പത്തിക വളർച്ച നിലവിലുള്ളതിനേക്കാൾ ഗണ്യമായി വർദ്ധിക്കും. വനിതകളുടെ സംരംഭകത്വ പ്രവർത്തനങ്ങളിലൂടെ കൂടുതലായി ഉൽപ്പന്നങ്ങളും സേവനങ്ങളും ഉണ്ടാവുകയും, സാമ്പത്തിക ഇടപാടുകൾ വർദ്ധിക്കുകയും ചെയ്യുന്നു. കയറ്റുമതിയിലൂടെയും, മാനവ വിഭവ ശേഷി ഉൾപ്പെടെയുള്ള വിഭവങ്ങളുടെ ഫലപ്രദമായ പ്രയോജനപ്പെടുത്തലിലൂടെയും രാജ്യത്തിന് സാമ്പത്തിക വളർച്ച ലഭിക്കുന്നു.

### 4. തൊഴിലവസരങ്ങൾ ലഭിക്കുന്നു

വനിതകൾക്ക് തങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അർത്ഥപൂർണ്ണമായ ജീവിതം നയിക്കുന്നതിനും തൊഴിലുകളിൽ ഏർപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. സ്വയം തൊഴിലവസരം കണ്ടെത്തുന്നതിനും മറ്റുള്ളവർക്ക് തൊഴിൽ നൽകാനും സംരംഭകത്വം സഹായിക്കുന്നു.

### 5. സാമൂഹിക ശാക്തീകരണം

സാമൂഹിക ശാക്തീകരണം സാധ്യമാകണമെങ്കിൽ വനിതകൾക്ക് സമൂഹത്തിൽ പുരുഷനോടൊപ്പം തന്നെ തുല്യമായ സ്ഥാനങ്ങളും, പങ്കാളിത്തവും ഉണ്ടാകേണ്ടതുണ്ട്. സാമൂഹിക സുരക്ഷയുടെ ഭാഗമായും, കുടുംബങ്ങളുടെ ഉന്നമനത്തിനും സാമ്പത്തികമായ ശാക്തീകരണം അനിവാര്യമാണ്. അതിനുള്ള ഏറ്റവും മികച്ച മാർഗ്ഗങ്ങളിൽ ഒന്നാണ് വനിതാ സംരംഭകത്വം.

### 6. മറ്റു പ്രയോജനങ്ങൾ

വനിതാ സംരംഭകത്വം സാധാരണമായ സംരംഭകത്വത്തിന്റെ മറ്റെല്ലാ പ്രയോജനങ്ങളും നൽകുന്നു. പിന്നോക്ക മേഖലകളുടെ വികസനം, കയറ്റുമതിയിലൂടെ രാജ്യത്തിന് വിദേശ നാണയം ലഭിക്കൽ, അസംസ്കൃത വസ്തുക്കളുടെ ഫലപ്രദമായ വിനിയോഗം, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ, ദാരിദ്രനിർമാർജനം, എന്നിവ അക്കൂട്ടത്തിൽപ്പെട്ടവയാണ്.

## വനിതാ സംരംഭകരുടെ പ്രശ്നങ്ങൾ

വനിതകൾ സംരംഭങ്ങൾ ആരംഭിക്കുന്നതിലും നടത്തിക്കൊണ്ടു പോകുന്നതിലും നിരവധിയായ പ്രശ്നങ്ങൾ നേരിടേണ്ടി വരാറുണ്ട്. അവയിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

### 1. സാമ്പത്തികമായ ഇല്ലായ്മകൾ

ഏതൊരു സംരംഭവും ആരംഭിക്കുന്നതിനും ന ടത്തിക്കൊണ്ടു പോകുന്നതിനും ഹ്രസ്വ-കാലത്തിലും ദീർഘകാലത്തിലും പണത്തിന്റെ ആവശ്യമുണ്ട്. മികച്ച ബിസിനസ് ആശയം ഉണ്ടായാലും സമയത്തിന്, ആവശ്യമായ പണം ലഭിച്ചില്ലെങ്കിൽ സംരംഭത്തിന് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. സ്വന്തമായി സമ്പാദ്യമോ മറ്റു ധനസ്രോതസ്സോ ഇല്ലാത്തത് സംരംഭകത്വ പ്രക്രിയയിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. സ്വന്തം പേരിൽ ആസ്തികൾ ഇല്ലാത്തവർക്ക് ബാങ്കുകളിൽ നിന്നും മറ്റും ഈടുകളുടെ അടിസ്ഥാനത്തിലുള്ള വായ്പ ലഭിക്കാതെയും വരുന്നു. വായ്പ നിബന്ധനങ്ങൾ കർശനമായതിനാൽ വനിതകൾക്ക് അത് പാലിക്കാൻ സാധിക്കാതെ വരുന്നു. അതുമൂലം കുടുംബത്തിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ പണം ലഭിക്കുന്നവർക്ക് മാത്രമായി സംരംഭകത്വം ഒതുങ്ങുന്നു. സംരംഭകത്വം പൊതുവിലും വനിതാ സംരംഭകത്വം പ്രത്യേകമായും പ്രോത്സാഹിപ്പിക്കാൻ നിരവധി പദ്ധതികൾ ഉണ്ടെങ്കിലും അവയെ കുറിച്ചുള്ള അജ്ഞത തുടക്കക്കാർക്ക് സംരംഭകത്വ ത്തിലേക്ക് ഇറങ്ങാൻ തടസ്സമാകുന്നു. നിലവിലുള്ള സംരംഭകത്വ സഹായ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, കൂടുതൽ പ്രായോഗികതയും, പ്രയോജനപ്രദമായ രീതിയിലും, സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെ നൽകുന്നതും ഇക്കാര്യത്തിൽ ഉപകാരപ്പെടും.

### 2. കുടുംബ ഉത്തരവാദിത്തങ്ങൾ

വനിതകളെയാണ് കുടുംബത്തിന്റെ സകല കാര്യങ്ങളുടെയും നടത്തിപ്പുകാരായി സമൂഹം പൊതുവേ കണക്കാക്കാറുള്ളത്. ജീവിതപങ്കാളി യുടെയും മക്കളുടെയും കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയും കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനിടയിൽ സംരംഭങ്ങൾ നടത്തുക എന്നത് അവർക്ക് പ്രയാസ മായി വരുന്നു. സമയക്കുറവും മാനസിക സമ്മർദ്ദ ങ്ങളും മറ്റു കാരണങ്ങളും വനിതകളെ സംരംഭകത്വ ത്തിൽ നിന്നും പിന്നോട്ടടിക്കുന്നു. ഒരു കുടുംബത്തിലെ ഉത്തരവാദിത്തങ്ങൾ, അതിലുള്ള എല്ലാവരും പങ്കുവയ്ക്കുകയും, പരസ്പരം സഹാ യിക്കുകയും ചെയ്താൽ വനിതകൾക്കും അവർക്കി ഷ്ടമുള്ള സംരംഭക പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിയും.

### 3. ലിംഗ അസമത്വം


ബിസിനസ് സ്ഥാപനങ്ങൾ പുരുഷന്മാരുടെ മാത്രം കുത്തകളാണ് എന്നും, വനിതകൾ സംരംഭ കത്വം പോലുള്ള മേഖലകൾക്ക് കൊള്ളാത്തവരു മാണെന്നുള്ള തെറ്റിദ്ധാരണ ചിലർക്കെങ്കിലും ഉണ്ട്. പുരുഷ മേധാവിത്വമാണ് പല ബിസിനസ് മേഖലകളിലും കാണാൻ കഴിയുക. അതൊരു പക്ഷേ ചെറുപ്പത്തിലേ സമൂഹത്തിന്റെ/ വിവിധ തൊഴിലിട ങ്ങളിൽ പ്രവർത്തിക്കുന്നതു മൂലം കിട്ടുന്ന അനുഭവ സമ്പത്തു കൊണ്ടാകാം. എന്നാൽ വനിതകൾക്കും അവരുടേതായ കഴിവുകളും, പ്രാപ്തിയും ഉണ്ടെന്നുള്ള കാര്യം സമൂഹം അംഗീകരിക്കേണ്ടതുണ്ട്. എല്ലാ കാലഘട്ടത്തിലും സ്ത്രീകൾ തങ്ങളുടെതായ വ്യക്തിമുദ്ര പല മേഖലകളിലും പതിപ്പിച്ചിട്ടുണ്ട്. അതേസമയം, താഴെത്തട്ടിൽ ഉള്ള വനിതകൾ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് ഇനിയും ഏറെ മുന്നേറാൻ ഉണ്ട്. അവരെ കൂടുതൽ ആത്മവിശ്വാസം ഉള്ളവരും, തങ്ങളുടെ കഴിവുകൾ പുറത്തിറക്കാനുള്ള ധൈര്യവും നിശ്ചയദാർഢ്യവും ഉള്ളവരുമാക്കി തീർത്താൽ മാത്രമേ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കയറിവന്ന് സംരംഭകത്വത്തിൽ സജീവ സാന്നിധ്യമാവുകയുള്ളൂ

### 4. നഷ്ട സാധ്യതകൾ ഏറ്റെടുക്കാനുള്ള പേടി

സംരംഭകത്വം എന്ന നാണയത്തിന്റെ ഇരുവശങ്ങ ളാണ് ലാഭവും നഷ്ടവും. നഷ്ട സാധ്യതകൾ ഏതൊരു സംരംഭത്തിന്റെയും ഭാഗമാണ്. നഷ്ടം ഉണ്ടാകുമോ അഥവാ ഉണ്ടായാൽ മറ്റുള്ളവർ അത് കുറ്റപ്പെടുത്തുമോ/പരിഹസിക്കുമോ എന്ന പേടി വനിതകളെ സംരംഭകത്വം എന്ന ആശയത്തിൽ നിന്ന് പിന്നോട്ടടിക്കുന്നു. യഥാർത്ഥത്തിൽ നഷ്ടം സംഭവിച്ചാൽ കൂടെ സഹായിക്കാൻ ആളുകൾ ഉണ്ടാ കുക എന്ന് വളരെ പ്രധാനമാണ്. നഷ്ടം സംഭവിച്ചാലും അതിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തുടർന്നും തീരുമാനങ്ങൾ എടുത്ത് നടപ്പാക്കാനുള്ള ധൈര്യവും, ആത്മവിശ്വാസവും ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതിനായി സംരംഭകത്വ പരിശീലന ക്ലാസുകൾ ഉപകാരം ചെയ്യും. അതോടൊപ്പം വനിതകൾ ഏർപ്പെടുന്ന സംരംഭങ്ങളിൽ നഷ്ടമുണ്ടാ യാലും കൂടെ നിൽക്കാനും, ധൈര്യം നൽകുവാനും ഉറ്റവരും, സുഹൃത്തുക്കളും തയ്യാറാകേണ്ടതുണ്ട്.

### 5. പ്രതികൂലമായ അന്തരീക്ഷങ്ങൾ

വനിതകൾക്ക് തങ്ങൾ ഇടപെടുന്ന ചുറ്റുപാടുകളിൽ സുരക്ഷിതത്വവും, സംരക്ഷണവും ലഭിക്കേണ്ടതുണ്ട്. വനിതകൾ ദുർബല ആണെന്നുള്ള തോന്നലിന്റെ അടിസ്ഥാനത്തിൽ അവരെ മാന സികമായും ശരീരവുമായി ആക്രമിക്കുന്ന ഒരു




പ്രവണത പൊതുവിൽ കാണാൻ കഴിയും. ബിസിനസ് മീറ്റിങ്ങുകൾക്കും, മറ്റു ആവശ്യങ്ങൾക്കുമായി സന്ധ്യയ്ക്കു ശേഷവും പുറത്തിറങ്ങേണ്ടി വരുന്ന സാഹചര്യങ്ങളിൽ, പൊതുയിടങ്ങളിൽ അവർക്ക് സുരക്ഷ ലഭിക്കേണ്ടതുണ്ട്. മാനസികമായും ശാരീരികമായും ചൂഷണം ചെയ്യപ്പെടാതെ വനിതകളെ സംരക്ഷിക്കുന്ന ശക്തമായ നിയമ സംവിധാനം ആവശ്യമാണ്. വനിതാ ഹെൽപ്പ് ലൈൻ നമ്പറുകൾ, ഏത് സമയത്തും രക്ഷിക്കുന്ന പോലീസ്, സ്വയം രക്ഷാ മാർഗങ്ങളെ കുറിച്ചുള്ള അറിവും പ്രാവീണ്യവും, സന്നദ്ധ സംഘടനകളുടെയും മറ്റുമുള്ള സുരക്ഷാസഹായങ്ങൾ എന്നിവ സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കാനും, അവർക്ക് ധൈര്യപൂർവ്വം ഏത് സമയത്തും പൊതുയിടങ്ങളിൽ പ്രവർത്തിക്കാനുള്ള ധൈര്യം നൽകും. വനിതകൾക്ക് എതിരായി ഏതെങ്കിലും തരത്തിലുള്ള അക്രമം കാണിക്കുന്നവരെ സമയബന്ധിതമായി (അതിവേഗ കോടതികൾ ഉൾപ്പെടെയുള്ളവ ഉപയോഗിച്ചുകൊണ്ട്) കർശനശിക്ഷകൾക്ക് വിധേയമാക്കുന്നത് അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സഹായിക്കും

### 6. വാണിജ്യ – വ്യവസായ മേഖലയെ കുറിച്ചുള്ള അറിവില്ലായ്മ

സംരംഭകത്വം വിജയകരമാകണമെങ്കിൽ ഏർപ്പെടുന്ന മേഖലയെക്കുറിച്ച് നല്ല അറിവും, നല്ല പരിജ്ഞാനവും ആവശ്യമാണ്. സൗഹൃദങ്ങളും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും (അസംസ്കൃത വസ്തുക്കളുടെ ദാതാക്കൾ, ഉത്പന്നങ്ങളുടെ വിതരണക്കാർ, സാമ്പത്തിക സ്രോതസ്സുകൾ, സാങ്കേതികവിദ്യ വിതരണക്കാർ തുടങ്ങിയ നിരവധി വിഭാഗങ്ങൾ) വിവരങ്ങൾ ആവശ്യമാണ്. അടിയന്തരഘട്ടങ്ങളിൽ സഹായം നൽകുന്ന വ്യക്തികളുടെയും, സ്ഥാപനങ്ങളുടെ വിവരങ്ങളും ആവശ്യമാണ്. എന്നാൽ ഇത്തരം വിവരങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ സംരംഭകത്വ പാതയിൽ തടസ്സമായി നിൽക്കുന്നു. ദേശീയ അന്തർദേശീയ തലത്തിലെ ഉത്പാദകർ, വിതരണക്കാർ, സംരംഭവുമായി ബന്ധപ്പെട്ട മറ്റു ഏജൻസികൾ തുടങ്ങി നിരവധിയായ സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും പേര് വിവരങ്ങൾ, അവരുടെ സേവനങ്ങൾ എന്നിവ അടങ്ങിയ സമഗ്രമായ ഒരു വെബ്സൈറ്റ് ഉണ്ടാക്കുന്നതും, കാലാകാലം പുതുക്കി നിലനിർത്തുന്നതും വനിതാ സംരംഭകരെ ഇക്കാര്യത്തിൽ സഹായിക്കും. വനിതകൾക്ക് ബിസിനസ് മേഖലകളെ കുറിച്ച് പരിശീലന ക്ലാസുകൾ നൽകുന്നതും ഗുണം ചെയ്യും. വ്യവസായ വകുപ്പ് ദേശീയ അന്തർദേശീയ വാണിജ്യ പ്രദർശന മേളകളിലും ബിസിനസ് മീറ്റുകളിലും പങ്കെടുക്കാൻ വനിതകൾക്ക് അവസരം നൽകുകയും, അതിനായി സാമ്പത്തിക സഹായം നൽകുകയും വേണം. ഒരു സംരംഭം ആരംഭിക്കുന്നത് മുതൽ തുടർന്നുള്ള വിവിധ ഘട്ടങ്ങളിലെ വിവിധ കാര്യങ്ങളെക്കുറിച്ച് വനിതകൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കാനും ആവശ്യമായ സഹായങ്ങൾ നൽകാനും വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കണം.

### 7. മത്സരക്ഷമത ഇല്ലായ്മ

സംരംഭകത്വ മേഖലയിലേക്ക് ഇറങ്ങുന്ന വനിതകൾ അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളിയാണ് മത്സരക്ഷമത ഇല്ലായ്മ. ഏതൊരു വിപണിയിലും വിവിധ സ്ഥാപനങ്ങൾ തമ്മിൽ കടുത്ത മത്സരമാണ് നിലനിൽക്കുന്നത്. ഏതൊരു ഉൽപ്പന്നവും/ സേവനവും വിപണിയിൽ വിജയിപ്പിക്കണമെങ്കിൽ മികച്ച മത്സരക്ഷമത വേണം. വിപണി പിടിക്കാനും, നിരന്തരമായ പരിശ്രമങ്ങൾ ആവശ്യമാണ്. അനിശ്ചിതത്വങ്ങൾക്കിടയിലാണ് പലപ്പോഴും വിപണിയുടെ സാധ്യതകൾ വഴിതുറന്നു ലഭിക്കുന്നത്. അവ കണ്ടെത്താനും വിജയകരമായി എതിരാളിയുടെ ഉൽപ്പന്നത്തേക്കാളും സ്വീകാര്യത തങ്ങളുടെ ഉൽപ്പന്നത്തിന് നേടിയെടുക്കാനും മികച്ച തന്ത്രങ്ങളും രൂപപ്പെടുത്തണം. അതിനൊത്ത ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും ഒരുക്കി എടുക്കേണ്ടതുണ്ട്. വനിതാ സംരംഭകർ മത്സരക്ഷമത കൈവരിക്കാനായി മികച്ച നേതൃപാടവം സ്വായത്തമാക്കണം. അതിനൊത്ത തീരുമാനങ്ങളും അവയുടെ കാര്യക്ഷമമായ നടപ്പിലാക്കലും ഉണ്ടാകണം. അതിനായി, അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതും കൂടാതെ മാനേജ്മെൻറ് പ്രോഗ്രാമങ്ങളിൽ ബിരുദം നേടുന്നതും നേതൃഗുണങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കും. അതോടൊപ്പം ആധുനിക കാലഘട്ടത്തിലെ കഴിവുകൾ (ഡിജിറ്റൽ മാർക്കറ്റിംഗ്, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള ഇടപാടുകൾ, മറ്റു നടപടിക്രമങ്ങൾ) ആർജിക്കാൻ ശ്രമിക്കണം.

ചുരുക്കത്തിൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സാമ്പത്തിക മേഖലകളുടെ വികസനത്തിനും മാത്രമല്ല സാമൂഹ്യ വളർച്ചക്കും, രാഷ്ട്രത്തിൻറെ സമഗ്ര പുരോഗതിക്കും വനിതാ സംരംഭകത്വം അത്യന്താപേക്ഷിതമാണ്. എന്നാൽ വനിതകളെ സംരംഭകരാക്കി വളർത്തുന്നതിൽ നിരവധി വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്നുണ്ട്. അവ പരിഹരിക്കാനായി നിരവധി നടപടികൾ എടുക്കേണ്ടതുണ്ട്. ഇന്ത്യയിൽ വനിതാ സംരംഭകർക്കായുള്ള പദ്ധതികളെയും സഹായങ്ങളെയും കുറിച്ച് അടുത്ത ലക്കത്തിൽ പ്രതിപാദിക്കുന്നു.

മഞ്ചേശ്വരം ജി. പി. എം ഗവൺമെൻ്റ് കോളേജിലെ
പ്രൊഫസറും വാണിജ്യ വിഭാഗം
മേധാവിയുമാണ് ലേഖകൻ



# ALAIJA®

SUPER HAWAI





## ALAIJA

RUBBER FACTORY

Perumugham P.O, Feroke Kozhikode-673631,Kerala India
Phone: 0495 2932193,E-mail:alaijarubberfactory@gmail.com,Cust.Care:9946555493

**MADE IN INDIA**



info@sharonpipes.com
RIR CERTIFICATION
ISO 9001 : 2015
CERTIFIED COMPANY
IS 4985
CM/L 8198077
UPVC PRESSURE PIPES
UPVC PLUMBING PIPES
IS 7834
CM/L 6400085409
PVC FITTINGS
IS 9537
CM/L 6378176
WIRING PIPES
SHARON®
PIPES & FITTINGS
YOUR LIFETIME ASSOCIATE
ഒപ്പം
നിൽക്കും
കാലങ്ങളോളം
Pipe Sizes: 20mm to 250mm
(In all classes)
Toll Free: 1800 4252 680
Customer Care: 9846 900 600

RNI NO.KERBIL/29441/1977 Registered No.KL/TV(N)/183/2024-26
Licence No.KL/TV(N)/WPP/182/2024-26 Licensed to post without pre-payment
Volume 57 Issue 6
MARCH 2025

Vyavasaya Keralam
MONTHLY

₹ 30
Date of publication-
16th March 2025


## വ്യവസായ വാണിജ്യമേഖലയിലെ സ്പന്ദനങ്ങളറിയാൻ...

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം
VYAVASAYA KERALAM



നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക

**വ്യവസായ കേരളം**

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

## പരസ്യ നിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

**K-Bip, Vyavasayakeralam** എന്ന പേരിൽ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി./ചെക്ക് ആയി പരസ്യത്തിന്റെ ചാർജും
നിങ്ങളുടെ വാർഷിക വരിസംഖ്യയും അയയ്ക്കേണ്ട വിലാസം

**എഡിറ്റർ,**
വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ,
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം,
തിരുവനന്തപുരം – 695 033

വരിസംഖ്യയും
പരസ്യത്തിന്റെ ചാർജും
അടയ്ക്കാൻ

ക്യൂ.ആർ. കോഡ്
സ്ക്യാൻ ചെയ്യുക

Email: vyavasayakeralam@gmail.com


Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed at St. Joseph's Press, Thycaud, Thiruvananthapuram. Ph.0471 22322888, and published at Thiruvananthapuram

Editor : Biju P.B.